# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## തീക്കോയി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കോട്ടയം-686001**

**ഇ-മെയിൽ: doktm.ksad@kerala.gov.in**

**ഫോൺ : 0481-2564886**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.കെ.ടി.എം.പി14/1294/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 10/10/2025
ഇ-മെയിൽ:
doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തീക്കോയി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : തീക്കോയി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തീക്കോയി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.ടി.എം.പി14/1294/25 തീയ്യതി: 10/10/2025

## കോട്ടയം ജില്ലയിലെ തീക്കോയി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ തീക്കോയി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-07-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 02-08-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സുരേഷ് എസ് | ഡെപ്യൂട്ടി ഡയറക്ടർ | 25-07-2025 | 02-08-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|

| | |
|---|---|
| 25-07-2025 | 02-08-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി ലേഖ വി, ഓഡിറ്റ് ഓഫീസർ (ഹ ഗ്രേ)
ശ്രീമതി ജയശ്രീ പി ജി,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ അഗസ്റ്റിൻ സി തേവർകുന്നേൽ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ജയന്ത് ഹരി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. കെ സി ജെയിംസ് | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ സുരേഷ് സാമുവേൽ | സെക്രട്ടറി | 01-04-2024 | 17-09-2024 |
| ശ്രീ സജീഷ് എസ് | സെക്രട്ടറി | 18-09-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ജയപ്രകാശ് ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 27-05-2024 |
| ശ്രീമതി സുജ എ ഡി | അസിസ്റ്റന്റ് എഞ്ചിനീയർ | 28-05-2024 | 31-03-2025 |
| ശ്രീമതി നീതു തോമസ് | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ. ബിനോയ് ജോസഫ് | വെറ്റിനറി സർജൻ | 01-04-2024 | 31-03-2025 |
| ഡോ. ലിറ്റി തോമസ് | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 01-04-2024 | 31-03-2025 |
| ഡോ. പ്രൈസ് അനി എബ്രഹാം | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2024 | 31-03-2025 |
| ഡോ. സജിന കെ എ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2024 | 31-03-2025 |
| ശ്രീമതി മെർലിൻ ബേബി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2024 | 12-05-2024 |

| | | | |
|---|---|---|---|
| ശ്രീമതി ബുഷ്‌റ എസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 13-05-2024 | 31-03-2025 |
| ശ്രീ റൊണാൾഡ് വിൽസൺ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീ ടോമിൻ ജോർജ്ജ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ I | 01-04-2024 | 31-03-2025 |
| ശ്രീ ആകാശ് ടോം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ I I | 01-04-2024 | 31-03-2025 |
| ശ്രീ റൊണാൾഡ് വിൽസൺ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |
| ശ്രീ ടോമിൻ ജോർജ്ജ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ I വെള്ളിക്കുളം സർക്കിൾ | 01-04-2024 | 31-03-2025 |
| ശ്രീ ആകാശ് ടോം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ I I തീക്കോയി സർക്കിൾ | 01-04-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല. | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല | 1-1-2 |
| 4 | ആസ്തികളുടെ മൂല്യശോഷണത്തിന്റെ വിശദാംശമില്ല. ഡിപ്രീസിയേഷൻ കണക്കാക്കിയതിൽ അപാകത | 1-1-3 |
| 5 | ഋണശീർഷകണക്കുകളുടെ ആധികാരികത വ്യക്തമല്ല | 1-1-4 |
| 6 | ബി 5, ബി 16 ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുന്നില്ല | 1-1-6 |
| 8 | വിവിധ ചെലവുകൾക്ക് ബാലൻസ്ഷീറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-7 |
| 9 | കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ബി 4 പ്രകാരമുള്ള ബാലൻസും ബി 17 പ്രകാരമുള്ള ബാങ്ക് ബാലൻസും പൊരുത്തപ്പെടുന്നില്ല. | 1-1-8 |
| 10 | പ്രയർ പീരീഡ് വരവ് ചെലവുകൾ - നോട്ട്സ് ഓൺ അക്കൗണ്ട് തയ്യാറാക്കിയിട്ടില്ല | 1-1-9 |
| 11 | മുൻകൂർ തുക കൃത്യമായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തില്ല | 1-1-10 |
| 12 | പെർമിറ്റ് ഫീസായി ലഭിച്ച തുകയുടെ കൃത്യത നിർണ്ണയിക്കുവാൻ കഴിയുന്നില്ല. | 1-1-11 |
| 13 | ബാങ്ക് അക്കൗണ്ട് ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയില്ല | 1-1-12 |
| 14 | ഡെപ്പോസിറ്റ്, അഡ്വാൻസ് രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല | 1-1-13 |
| 15 | ബജറ്റ് | 1-2 |
| 16 | സാമ്പത്തിക വിശകലനം | 1-3 |
| 17 | ഗ്രാന്റ് വിനിയോഗം 2024-25 | 1-4 |
| 18 | വാർഷിക പദ്ധതി അവലോകനം | 1-5 |
| 19 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി | 1-6 |
| 20 | ക്ഷേമ പദ്ധതികൾ | 1-7 |
| 21 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 22 | ആഭ്യന്തരനിയന്ത്രണസംവിധാനം | 1-9 |

| | | |
|---|---|---|
| 23 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 24 | ഇ-പേയ്മെൻ്റ് , യുപിഐ എന്നിവക്കായി ആരംഭിച്ച കറന്റ് അക്കൗണ്ടിൽ വൻതുക അവശേഷിക്കുന്നു | 1-11 |
| 25 | ആയുർവേദ സ്പാ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വസ്തുനികുതി പുനർ നിർണയിച്ചില്ല | 1-12 |
| 26 | സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖലയുടെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയിരിക്കുന്നു | 1-13 |
| 27 | പാർപ്പിടാവശ്യത്തിനുള്ള കെട്ടിടം - കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു | 1-14 |
| 28 | ലോഡ്ജിംഗ് ഹൗസുകളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-15 |
| 29 | പൊതുമരാമത്ത് കരാറുകാരുടെ തൊഴിൽ നികുതി ഒടുക്കുന്നില്ല | 1-16 |
| 30 | ലൈസൻസില്ലാതെ റിസോർട്ടുകൾ പ്രവർത്തിക്കുന്നു | 1-17 |
| 31 | ഗ്രാമപഞ്ചായത്ത് ആസ്തികളുടെ ലേലം-ഭരണസമിതി തീരുമാനം നടപ്പിലാക്കിയില്ല | 1-18 |
| 32 | പെർമിറ്റില്ലാതെ സ്കൂൾ കെട്ടിട നിർമ്മാണം - തുടർ നടപടികൾ സ്വീകരിച്ചില്ല | 1-19 |
| 33 | റിസോർട്ട് കോംബൗണ്ടിലെ അനധികൃത നിർമ്മാണം പരിശോധിച്ച് നടപടിയെടുക്കേണ്ടതാണ്. | 1-20 |
| 34 | ഒക്യുപ്പൻസി അനുവദിച്ച കെട്ടിടത്തിലെ കൂട്ടിച്ചേർക്കൽ - പെർമിറ്റ് അനുവദിച്ചതിൽ അപാകത | 1-21 |
| 35 | അസംബ്ലി കെട്ടിടത്തിലെ അനധികൃത നിർമ്മാണം - ക്രമവൽക്കരിച്ച് വസ്തുനികുതി ഈടാക്കേണ്ടതാണ് | 1-22 |
| 36 | ഒക്യുപ്പൻസി ലഭിച്ചതിന് ശേഷം അനധികൃത നിർമ്മാണം വ്യാപകം-പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുന്നില്ല | 1-23 |
| 37 | അനുമതിയില്ലാതെ ഭൂവികസനവും പ്ലോട്ട് തിരിച്ച് വിൽപ്പനയും - നടപടി സ്വീകരിക്കേണ്ടതാണ് | 1-24 |
| 38 | സാക്ഷരതാ പ്രേരകിന് നൽകിയ ഹോണറേറിയത്തിന്റ 40% വിഹിതം സാക്ഷരതാ മിഷനിൽ നിന്ന് തിരികെ ഈടാക്കിയിട്ടില്ല. | 1-25 |
| 39 | കെ.എസ്.ഇ.ബി യിൽ നിക്ഷേപിച്ച തുകയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല | 1-26 |
| 40 | ലൈഫ് ഭവനപദ്ധതി ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. | 1-27 |
| 41 | ഹഡ്കോ ലോൺ അക്കൗണ്ടിൽ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാതെ തുക അവശേഷിക്കുന്നു. | 1-28 |
| 42 | ഹോമിയോ മരുന്നുകൾ ഡിസ്പൻസറിക്ക് ലഭ്യമായിട്ടില്ല | 1-29 |
| 43 | അങ്കണവാടി കേന്ദ്ര വിഹിതം - 1248971/- രൂപ നിഷ്ക്രിയമായി തുടരുന്നു | 1-30 |

| | | |
|---|---|---|
| 44 | നിക്ഷേപ പ്രവൃത്തിയുടെ പൂർത്തീകരണ/ വിനിയോഗവിവരം ലഭ്യമല്ല | 1-31 |
| 45 | കാലിബാരലുകളുടെ വിലയും ജി.എസ്.ടിയും തനത് ഫണ്ട് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിരിക്കുന്നു | 1-32 |
| 46 | ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ബാരൽ വില കുറവ് ചെയ്തിട്ടില്ല | 1-33 |
| 47 | ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുണ്ടെങ്കിലും ഫണ്ട് സമാഹരിക്കുന്നില്ല | 1-34 |
| 48 | സ്കോളർഷിപ്പ് വിതരണം- ഭിന്നശേഷിക്കാരുടെ ഡാറ്റാ രജിസ്റ്റർ തയ്യാറാക്കിയില്ല | 1-35 |
| 49 | ജൽജീവൻ മിഷൻ - അവലോകനം | 1-36 |
| 50 | ഹെൽത്ത് ഗ്രാന്റ് വിനിയോഗം - അവലോകനം | 1-37 |
| **ഭാഗം 2** | | |
| 1 | അസംബ്ലി കെട്ടിടത്തിലെ അനധികൃത നിർമ്മാണം - ക്രമവൽക്കരിച്ച് വസ്തുനികുതി ഈടാക്കേണ്ടതാണ് | 2-1 |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | മെഡിസെപ് പ്രീമിയം - ഒടുക്ക് | 4-1 |
| 2 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് | 4-5 |
| 6 | വായ്പ/വായ്പ തിരിച്ചടവ് | 4-6 |
| 7 | സ്ഥിരനിക്ഷേപങ്ങൾ | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ | 4-9 |
| 10 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

## ഭാഗം -1
## പൊതു അവലോകനം

### 1-1-1 ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല.

31/03/2025 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം അക്രുവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി അക്കൗണ്ടിങ്ങ് ആരംഭിച്ച 01/04/2011 ൽ പഞ്ചായത്ത് ജനറൽ ഫണ്ട് (കണക്ക് ശീർഷകം-310100101) നിർണ്ണയിച്ചപ്പോഴുള്ള ആധികാരിക ആസ്തി-ബാധ്യത രേഖയായ Opening Balance Receipt Payment (OBRP) Data സൂക്ഷിച്ചിട്ടില്ല. 2011-12 മുതൽ 2023-24 വരെ Excess Of Income Over Expenditure കണക്കാക്കിയ രേഖകളും 2024-25 ലെ അറ്റ പ്രവർത്തനമിച്ചം ക്യാരി ഓവർ ചെയ്തതിന്റെ രേഖകളും സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ട് മൂല്യം 31/03/2025 വരെയുള്ളത് വ്യക്തമാക്കുന്ന എല്ലാ രേഖകളും തയ്യാറാക്കി സൂക്ഷിക്കേണ്ടതും ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. **തീക്കോയി** ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണ സമിതിയുടെ **13**.06.2025 ലെ 2(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 24.06.2025 - ൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യകമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെകുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ,പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം

ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**<u>വിശേഷണങ്ങളോട് കൂടിയ അഭിപ്രായം</u>**

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തീക്കോയി ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2025-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025-ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

തീയതി: 10-10-2025 **ഡെപ്യൂട്ടി ഡയറക്ടർ**

## <u>1-1-2 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല</u>

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസും പഞ്ചായത്തിൽ നിലവിലില്ല എന്നതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2025 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റയും മൂല്യത്തിന്റയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

## <u>1-1-3 ആസ്തികളുടെ മൂല്യശോഷണത്തിന്റെ വിശദാംശമില്ല. ഡിപ്രീസിയേഷൻ കണക്കാക്കിയതിൽ അപാകത</u>

ആസ്തികളുടെ മൂല്യശോഷണമായി I 17(A)യിൽ അക്കൗണ്ട് ചെയ്യപ്പെട്ട 16.90 ലക്ഷം രൂപയുടെ ആധികാരികത

കാൽക്കുലേഷൻ ഷീറ്റിലൂടെ (Depreciation Calculation Sheet) സെക്രട്ടറി വ്യക്തമാക്കിയിട്ടില്ല. കൂടാതെ Waterways എന്ന ഇനത്തിന് 2024-25 വർഷം ഇൻകം & എക്സ്പെൻഡിച്ചറിൽ ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല. 2023-24 വർഷം വരെയുള്ള ACCUMULATED DEPRECIATION ആണ് 2024-25 വർഷത്തെ ബാലൻസ് ഷീറ്റിലും ഉൾപ്പെട്ടിട്ടുള്ളത്.

ബാലൻസ് ഷീറ്റ് B-11 ഷെഡ്യൂളിൽ ഹെഡ് കോഡ് - 410800101 Other Fixed Assets എന്ന ഇനത്തിലെ ആസ്തി തുക 444,109/- രൂപ മാത്രമാണ്. എന്നാൽ ബാലൻസ് ഷീറ്റ് B-11(a) ഷെഡ്യൂളിൽ പ്രസ്തുത ഹെഡിന്റെ (ഹെഡ് കോഡ് 416100110 - Accumulated Depreciation - Other Fixed Assets) നാളിതുവരെയുള്ള ഡിപ്രീസിയേഷൻ തുക (-) 1,446,412/- ആണ്. ഡിപ്രീസിയേഷൻ കൃത്യമായി കണക്കാക്കി അക്കൗണ്ട് ചെയ്യേണ്ടതാണ്.

## 1-1-4 ശൂന്യശീർഷകണക്കുകളുടെ ആധികാരികത വ്യക്തമല്ല

ബി 9 പത്രിക പ്രകാരമുള്ള കാലഹരണപ്പെട്ട നികുതികളായ വാറ്റ്, ഫ്ലഡ് സെസ് എന്നീയിനങ്ങളിലെ തുകകൾ നാളിതുവരെ സർക്കാർ ഫണ്ടിലേക്ക് ക്രമീകരിച്ചിട്ടില്ല. യഥാക്രമം ₹24,783/-, ₹56/- എന്നീ തുകകളാണ് ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്നത്. തുകകളുടെ ആധികാരികതയും വ്യക്തമല്ല.

## 1-1-5 ബി 5, ബി 16 ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റിലെ ബി 5 – Secured Loans, ബി 16 – Prepaid Expenses എന്നീ ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല. ഷെഡ്യൂളുകൾ തമ്മിൽ 709855/- രൂപയുടെ വ്യത്യാസമുണ്ട്. തുകകളിലെ വ്യത്യാസം വിശദീകരിക്കപ്പെട്ടില്ല.

## 1-1-6 സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 58 (4) (എ)) പ്രകാരം സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും ഓരോ വർഷാന്ത്യത്തിലും നടത്തണമെന്നുണ്ട് . എന്നാൽ 2024-25 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് B-14 ഷെഡ്യൂൾ Stock In Hand (Inventories) -ൽ ഉൾപ്പെടുത്തിയിട്ടില്ല. ബാലൻസ് ഷീറ്റ് പ്രകാരം സ്റ്റോക്ക് മൂല്യം 0 ആണ്.

## 1-1-7 വിവിധ ചെലവുകൾക്ക് ബാലൻസ്ഷീറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

2024-25 സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത വിവിധ ചെലവുകൾക്ക് (ഉദാഹരണമായി ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനചെലവ്) ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-1-8 കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ബി 4 പ്രകാരമുള്ള ബാലൻസും ബി 17 പ്രകാരമുള്ള ബാങ്ക് ബാലൻസും

**പൊരുത്തപ്പെടുന്നില്ല.**

കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് അലോട്ട്മെന്റായി ലഭിച്ച തുകയിൽ ബി- 4 പത്രിക പ്രകാരം ₹3954500/- ശേഷിക്കുന്നു (320200104, 320200113 എന്നീ ശീർഷകങ്ങളിലെ ആകെ തുക). എന്നാൽ ബാങ്ക് അക്കൗണ്ടിൽ (ബി- 17) പ്രസ്തുത തുക ₹3977034/- ആണ്. ബാലൻസ് തുകകൾ തമ്മിൽ 22534/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. നീക്കിയിരിപ്പിന്റെ ആധികാരികത പരിശോധിക്കേണ്ടതും അത് യഥാവിധി ക്രമീകരിക്കേണ്ടതുമാണ്.

**1-1-9 പ്രയർ പീരീഡ് വരവ് ചെലവുകൾ - നോട്ട്സ് ഓൺ അക്കൗണ്ട് തയ്യാറാക്കിയിട്ടില്ല**

ഷെഡ്യൂൾ I-18 Prior Period Expenditure പ്രകാരമുള്ള -2,309,440/- രൂപയുടെ Notes On Account വാർഷികകണക്കുകളോടൊപ്പം ലഭ്യമാക്കിയില്ല. Revenue Grant And Contribution ഇനത്തിൽ 2309440/- രൂപ ഒഴിവാക്കിയിട്ടുള്ളതായി കാണുന്നു. ആയതിനെ സാധൂകരിക്കുന്ന അനുബന്ധരേഖകൾ വാർഷികകണക്കുകളോടൊപ്പം ലഭ്യമാക്കിയിട്ടില്ല. പ്രയർ പീരീഡ് വരവ് ചെലവുകളുടെ നോട്സ് ഓൺ അക്കൗണ്ട് തയ്യാറാക്കി വാർഷികകണക്കുകളോടൊപ്പം സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-1-10 മുൻകൂർ തുക കൃത്യമായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തില്ല**

164/ 25, 268/25 നമ്പർ പ്രോജക്ടുകൾ പ്രകാരം പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി ആരോഗ്യ കേരളം ജില്ലാ വെൽഫെയർ സൊസൈറ്റി എന്ന സ്ഥാപനത്തിന് നൽകിയ 533686/- രൂപ ക്രമീകരിക്കാതെ തുടരുന്നത് ബി -18 ഷെഡ്യൂളിൽ പ്രതിഫലിക്കുന്നില്ല. ടി തുക Advance To Other Accredited Agencies എന്ന ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

**1-1-11 പെർമിറ്റ് ഫീസായി ലഭിച്ച തുകയുടെ കൃത്യത നിർണ്ണയിക്കുവാൻ കഴിയുന്നില്ല.**

2024-25 സാമ്പത്തിക വർഷത്തെ പെർമിറ്റ് രജിസ്റ്റർ കൃത്യതയോടെ ഓഡിറ്റിന് തയ്യാറാക്കി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയ പെർമിറ്റ് രജിസ്റ്റർ, പെർമിറ്റ് ഫീസ് റീഫണ്ട് രജിസ്റ്റർ എന്നിവയുടെ സംഗ്രഹം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തയിട്ടില്ല. ആയതിനാൽ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരവിന്റെയും റീഫണ്ട് നൽകിയ തുകയുടെയും ആധികാരികത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

**1-1-12 ബാങ്ക് അക്കൗണ്ട് ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയില്ല**

ഹെൽത്ത് ഗ്രാന്റ് നിക്ഷേപിക്കുന്നതിനുള്ള മൂന്ന് ബാങ്ക് അക്കൗണ്ടുകളിൽ സ്കീം 1 – HEALTH GRANT BUILDING നായി തുടങ്ങിയ സീറോ ബാലൻസ് അക്കൗണ്ട് (എസ് ബി ഐ അക്കൗണ്ട് നം. 40879383201) വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല .

## 1-1-13 ഡെപ്പോസിറ്റ്, അഡ്വാൻസ് രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല

ഡെപ്പോസിറ്റ്, അഡ്വാൻസ് ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്തിട്ടുള്ള തുകകളുടെ മുന്നിരിപ്പ് വിശദാംശം സംബന്ധിച്ച് രജിസ്റ്ററുകളിൽ രേഖപ്പെടുത്തലുകളില്ല.

## 1-2 ബജറ്റ്

2024-25 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 09.02.2024 ലെ 1(1)-ാം നം. തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 17.03.2025 ലെ 4 -ാം നം. തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് ചുവടെ ചേർക്കുന്നു.

| | ബജറ്റ് | |
|---|---|---|
| | ആദ്യത്തേത് | പുതുക്കിയത് |
| മുന്നിരിപ്പ് | 4968800 | 1577098 |
| വരവ് | 142695380 | 142695380 |
| ആകെ | 147664180 | 144272478 |
| ചെലവ് | 140495381 | 140495381 |
| നീക്കിയിരിപ്പ് | 7168799 | 3777097 |

ബജറ്റ് പ്രകാരം 14.26 കോടി രൂപ വരവും 14കോടി രൂപ ചെലവുമാണ് പ്രതീക്ഷിച്ചത്. 2024-25 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 8 കോടി രൂപയും ചെലവ് 7.8 കോടി രൂപയുമാണുള്ളത്. ആദ്യ ബജറ്റ് പ്രകാരമുള്ള മതിപ്പ് വരവ്/ചെലവ് തുകകളും 2025-26 വർഷത്തെ ബജറ്റ് അവതരണത്തോടൊപ്പം നിയമാനുസൃതം തയ്യാറാക്കിയ 2024-25 ലെ പുതുക്കിയ ബജറ്റ് പ്രകാരമുള്ള മതിപ്പ് തുകകളും തമ്മിൽ കാര്യമായ വ്യതിയാനം ഇല്ലെങ്കിലും തൻവർഷത്തെ ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ പത്രികയിലെ കണക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ വലിയ വ്യത്യാസമുണ്ട്. നിലവിൽ തയ്യാറാക്കുന്ന ബജറ്റ് ഡോക്യുമെന്റ് ധനവിനിയോഗ നിയന്ത്രണത്തിനുള്ള ഒരു ആധികാരിക രേഖ എന്ന നിലയിൽ ഉപയുക്തമാവുന്നില്ല. വരും വർഷങ്ങളിൽ ബജറ്റ് യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

### റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 9136469 |
| ഓഡിറ്റ് വർഷത്തെ വരവ് | 28901822 |

| | |
|---|---|
| ആകെ | 38038291 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 24020788 |
| നീക്കിയിരിപ്പ് | 14017503 |

**ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം**

| ഇനം | തുക |
|---|---|
| ആകെ വരുമാനം | 80401560 |
| ആകെ ചെലവ് | 78312542 |
| ഗ്രോസ് സർപ്ലസ് | 2089018 |
| മുൻകാല അക്കൗണ്ടിംഗ് ക്രമീകരണം (Prior Period Adjustment) | -(2527300) |
| അറ്റ പ്രവർത്തന നഷ്ടം | 438282 |
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | 139041/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1097160/- |

**1-4 ഗ്രാന്റ് വിനിയോഗം 2024-25**

തീക്കോയി ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടേയും പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ചതും പഞ്ചായത്ത് ഫണ്ടിൽ നിലനിൽക്കുന്നതുമായ തൻവർഷം പദ്ധതി പദ്ധതിയേതരമായി ചെലവുള്ളതുമായ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും വിനിയോഗ വിവരം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | % |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | 0 | 11050000 | 11050000 | 11050000 | 0 | 100 |
| വികസന ഫണ്ട്- SCSP | 0 | 1417000 | 1417000 | 1198005 | 218995 | 84.5 |
| വികസന ഫണ്ട്- TSP | 0 | 692000 | 692000 | 552009 | 139991 | 80 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | 237535 | *1981077 | 2218612 | *1345632 | 872980 | 61 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | **1066703** | 5026917 | 6093620 | *2718865 | 3374755 | 45 |
| മെയിന്റനൻസ് ഗ്രാന്റ്- Non Road | 0 | **3629000** | **3629000** | 3259326 | 369674 | 90 |
| മെയിന്റനൻസ് ഗ്രാന്റ്- Road | 0 | 14187000 | 14187000 | 12523754 | 1663246 | 88.2 |
| ICDS ഫണ്ട് | 526142 | 1078663 | 1604805 | 355834 | 1248971 | |
| സാക്ഷരത | 1961 | 72 | 2033 | 0 | 2033 | |
| ശുചിത്വ മിഷൻ | 65542 | 0 | 65542 | 36000 | 29542 | |
| സമ്പൂർണ്ണ ശുചിത്വം | 25000 | 0 | 25000 | 0 | 25000 | |
| ലൈഫ് സംസ്ഥാന വിഹിതം | 630000 | 450000 | 1080000 | 660000 | 420000 | |
| ആരോഗ്യ | 480321 | 269126 | 749447 | 270977 | 478470 | |

| | | | | | | |
|---|---|---|---|---|---|---|
| ഗ്രാന്റ് (Diagnostic Infrastructure) | | | | | | |
| ആരോഗ്യ ഗ്രാന്റ് Wellness Centre | 282116 | 447214 | 729330 | 260518 | 468812 | |
| ജലനിധി | 758748 | 20557 | 779305 | 16500 | 762805 | |
| കുടിവെള്ള പദ്ധതി ഗ്രാന്റ് | 751531 | 39275 | 790806 | 235363 | 555443 | |

വികസനഫണ്ടിന്റെ പൊതുവിഭാഗം, എസ്.സി.പി, ടി.എസ്.പി വിഹിതങ്ങളിൽ നിന്ന് തുകകൾ കുറവ് ചെയ്തതിനുശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. ടി തുകകൾ ഉൾപ്പെടെയാണ് സുലേഖ സോഫ്റ്റ്‌വെയറിൽ ചേർത്തിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിൽ ടി തുകകൾ പണമായി ലഭിക്കാതിരുന്നതിനാൽ വാർഷികകണക്കുകളുടെ ഭാഗമായ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിറലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും ടി തുകകൾ ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| **ഫണ്ടിനം** | **പ്രോജക്ട് നം/ പേര്** | **ചെലവ്** | **ആകെ സ്രോതസ്സിൽ കുറവു ചെയ്ത തുക** |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 291/2024-25 അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | 613200 | **2515194** |
| | 292/2024-25 ലൈഫ് മിഷൻ | 952550 | |

| | | | |
|---|---|---|---|
| | വായ്പ മുതൽ തിരിച്ചടവ് (ജനറൽ) | | |
| | 294/2024-25 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ) | 949444 | |
| വികസനഫണ്ട് (എസ്.സി.പി.) | 293/2024-25 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി.) | 14402 | 30081 |
| | 295/2024-25 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി.) | 15679 | |
| വികസനഫണ്ട് (ടി.എസ്.പി.) | 296/2024-25 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ടി.എസ്.പി.) | 31038 | 60009 |
| | 297/2024-25 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ടി.എസ്.പി.) | 28971 | |

| | | | |
|---|---|---|---|
| | | **ആകെ** | **2605284** |

വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്തതിലെയും വിനിയോഗത്തിലെയും അപാകതകൾ താഴെ ചേർക്കുന്നു.

1) ധനകാര്യകമ്മീഷൻഗ്രാന്റിന്റെ നീക്കിയിരിപ്പ് വാർഷിക ധനകാര്യ പത്രിക, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

2) ധനകാര്യകമ്മീഷൻഗ്രാന്റ്- അടിസ്ഥാന ഗ്രാന്റിലെ(Untied) വരവ് അലോട്ട്മെന്റ് 1862000,- രൂപ ബാങ്ക് അക്കൗണ്ടിൽ ലഭിച്ച പലിശ 119077/-രൂപ ) എന്നിവ ചേർന്നതാണ്.

3)*ധനകാര്യകമ്മീഷൻഗ്രാന്റ്- അടിസ്ഥാന ഗ്രാന്റിലെ(Untied) ചെലവ് എ.എസി.ആർ സുലേഖ ചെലവു പത്രിക എന്നിവയുമായി പൊരുത്തപ്പെടുന്നില്ല. ക്യാൻസൽ ചെയ്ത ബിൽ (ബിൽ നം.284/11.03.2025)തുക 100000/-ഉൾപ്പെടെയാണ് എ.എസി.ആറി-ൽ ചെലവ് തുക കാണിച്ചിരിയ്കുന്നത്.ആയതിനാൽ എ.എസി.ആർ സുലേഖ ചെലവു പത്രിക എന്നിവ പ്രകാരമുള്ള ചെലവ് തുകകൾ വ്യത്യസ്തമാണ്.

4) ധനകാര്യ കമ്മീഷൻ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് (Tied) വരവ് 2024-25 അലോട്ട്മെന്റ് 2792000/- രൂപ 09.04.2024 -ൽ ലഭിച്ച 2023-24 ലെ അലോട്ട്മെന്റിന്റെ 2-ാം ഗഡു 1428000/- രൂപ ട്രഷറി വരവ് 806917/-കൂടി ചേർന്നതാണ്.
ആകെ വരവ് = 2792000+1428000+806917(ട്രഷറി വരവ്)= 5026917/

5) *ധനകാര്യകമ്മീഷൻഗ്രാന്റ്- പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് (Tied) വരവ് ചെലവ് എ.എസി.ആർ സുലേഖ ചെലവു പത്രിക എന്നിവയുമായി പൊരുത്തപ്പെടുന്നില്ല. ക്യാൻസൽ ചെയ്ത ബിൽ (ബിൽ നം.350/25.03.2025)തുക 96250 ഉൾപ്പെടെയാണ് എ.എസി.ആറി-ൽ ചെലവ് തുക കാണിച്ചിരിയ്കുന്നത്. ആയതിനാൽ എ.എസി.ആർ സുലേഖ ചെലവു പത്രിക എന്നിവ പ്രകാരമുള്ള ചെലവ് തുകകൾ വ്യത്യസ്തമാണ്.

ധനകാര്യ കമ്മീഷൻ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് (Tied) ആകെ ചെലവ് = 2205183+513682(ട്രഷറി അക്കൌണ്ട് ചെലവ്) =2718865/

ധനകാര്യ കമ്മീഷൻ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് (Tied) -ന്റെ നീക്കിയിരുപ്പ് ബാങ്ക് സ്റ്റേറ്റ്മെന്റ് വാർഷിക ധനകാര്യ പത്രിക B-4 ഷെഡ്യൂൾ എന്നിവ (320200113) പൊരുത്തപ്പെടുന്നില്ല.
6). വികസന ഫണ്ടിന്റെ സ്രോതസ്സിൽ കുറവ് ചെയ്ത തുക കിഴിച്ചാണ് ഗ്രാന്റ് പത്രികയിൽ അലോട്ട്മെന്റ് കാണുന്നത്. എന്നാൽ ചെലവ് തുക സ്രോതസ്സിൽ കുറവ് ചെയ്ത ഇനങ്ങൾ ജി.ഓ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പടെയാണ്. ആയതിനാൽ ഗ്രാന്റ് പത്രികയിലെ വികസന ഫണ്ട് നീക്കിയിരിപ്പ് കൃത്യമായി പ്രതിഫലിച്ചിട്ടില്ല.

സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും അലോട്ട്മെന്റ് കണക്കുകളിൽ മേൽവിവരിച്ച പ്രകാരമുള്ള വ്യത്യാസങ്ങൾക്ക് വിധേയമായിട്ടാണ് റിപ്പോർട്ടിന്റെ അനുബന്ധം-2 പ്രകാരം ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം പുറപ്പെടുവിച്ചിട്ടുള്ളത്.

## 1-5 വാർഷിക പദ്ധതി അവലോകനം

തീക്കോയി ഗ്രാമപഞ്ചായത്തിന്റെ 14-ാം പഞ്ചവത്സര പദ്ധതിയിലെ (2022-27) മൂന്നാം വാർഷിക പദ്ധതിയ്ക്ക് (2024-25) 15-02-2025 ൽ ചേർന്ന ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 2(11)(2)-ാം നമ്പർ തീരുമാന പ്രകാരം അന്തിമ അംഗീകാരം ലഭിച്ചിട്ടുണ്ട്. ജില്ലാ ആസൂത്രണ സമിതിയുടെ 04-03-2025 ലെ 84898/24/DPC/DPO/KTM നമ്പർ ഉത്തരവു പ്രകാരം ഭേദഗതി നിർദ്ദേശങ്ങളോടെ വാർഷികപദ്ധതിയ്ക്ക് അന്തിമ അംഗീകാരം ലഭിച്ചു. വാർഷിക പദ്ധതിയിൽ 93 സ്പിൽഓവർ പ്രോജക്ടുകളും 135 പുതിയ പ്രോജക്ടുകളും ഉൾപ്പെടെ ആകെ 228 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 94172777/- രൂപയാണ്. വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട പ്രാരംഭ നടപടികളായ ആസൂത്രണസമിതി രൂപീകരണം, വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം, സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കൽ, വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയിൽ വികസനരേഖ തയ്യാറാക്കൽ, വികസന സെമിനാർ എന്നിവ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആസൂത്രണസമിതി യോഗം | 22-11-2023 |
| വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നത് | 3-1-24 |
| ഗുണഭോക്തൃ തെരഞ്ഞെടുപ്പ് ഗ്രാമസഭ | 13-07-24മുതൽ23-07-24വരെ |
| പദ്ധതി രൂപീകരണഗ്രാമസഭ | 3.12.23 മുതൽ 13.12.23വരെ |
| ഊരുകൂട്ട യോഗം | 23-07-24 |
| വികസനസെമിനാർ | 16-1-24 |
| പ്രൊക്യുർമെന്റ് കമ്മിറ്റി | 30-05-24,3-07.24,26.09.24,07.12.24 |

**പദ്ധതിനിർവ്വഹണം**

അംഗീകാരം ലഭിച്ച 228 പ്രോജക്ടുകളിൽ 170 എണ്ണം തൻവർഷം നടപ്പാക്കിയിട്ടുണ്ട്. വിവിധ സ്രോതസ്സുകളിൽ നിന്നായി വാർഷിക പദ്ധതിയുടെ ആകെ ചെലവ് 37393414/- രൂപയാണ്. അടങ്കൽ തുകയുടെ 39.70% തുക മാത്രമാണ് തൻവർഷം ചെലവഴിക്കാനായത്.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്ത പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം |
|---|---|---|---|---|---|
| 228 | 94172777 | 170 | 37393414 | 58 | 74.5 |

**<u>നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ</u>**

പദ്ധതിനിർവ്വഹണചുമതല 10 നിർവ്വഹണോദ്യോഗസ്ഥർക്കായി വിഭജിച്ചു നൽകിയിരുന്നു. നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവു വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| കൃഷി ഓഫീസർ | 11 | 11 | 1694736 | 1694736 |
| വെറ്ററിനറി സർജൻ | 6 | 6 | 813050 | 732254 |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 18 | 15 | 6840656 | 3150088 |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | 2 | 2 | 335000 | 334967 |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | 7 | 7 | 660206 | 660131 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 34 | 29 | 40953342 | 7701364 |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 15 | 12 | 3930175 | 2108214 |
| സെക്രട്ടറി | 46 | 35 | 10616957 | 5921603 |
| അസി.എഞ്ചിനീയർ | 87 | 51 | 27328655 | 14507430 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 1000000 | 582677 |
| | 228 | 170 | 94172777 | 37393414 |

സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ എന്നീ നിർവ്വഹണോദ്യോഗസ്ഥർക്ക് പ്രോജക്ട് നിർവ്വഹണത്തിൽ വേണ്ടത്ര പുരോഗതി ഉണ്ടായില്ല.

**വാർഷികപദ്ധതി വിലയിരുത്തൽ**

വികസനഫണ്ട് (ജനറൽ) 100%തുകയും ഗ്രാമപഞ്ചായത്തിന് ചെലവഴിയ്ക്കാൻ സാധിച്ചു.വികസനഫണ്ട്(എസ്.സി.പി),ടി.എസ്.പി ,മെയിന്റനൻസ് ഗ്രാന്റ് (റോഡ്,നോൺ റോഡ് ) വിഭാഗങ്ങളിൽ നിന്നും80%അധികം തുക ഗ്രാമപഞ്ചായത്തിന് ചെലവഴിയ്ക്കാൻ സാധിച്ചുവെന്നത് അഭിനന്ദനമർഹിക്കുന്നു.
അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി ഏറ്റെടുത്ത ഭൂരിഭാഗം പ്രോജക്ടുകളും റോഡ് ടാറിംഗ്/റീ ടാറിംഗ് പ്രവൃത്തികളായിരുന്നു. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്റ്റുകൾ പ്രകാരം വകയിരുത്തിയിരുന്ന സംസ്ഥാനാവിഷ്കൃത ഫണ്ട്, ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾ എന്നിവ പൂർണ്ണമായി ലഭിക്കാതിരുന്നത് വി.ഇ.ഒയുടെ ചെലവ് ശതമാനം കുറയാൻ കാരണമായി.

**സഞ്ചിതനിധിയിലേയ്ക്ക് 26 ലക്ഷം രൂപ തിരികെ എടുക്കപ്പെട്ടു**

പ്രോജക്ടുകൾ നടപ്പാക്കാത്തതിനാലും ട്രഷറി നിയന്ത്രണങ്ങളാൽ സമയബന്ധിതമായി ബില്ലുകൾ മാറാൻ ഗ്രാമപഞ്ചായത്തിന് സാധിക്കാതിരുന്നതിനാലും ചുവടെ ചേർക്കും പ്രകാരമുള്ള ഫണ്ടിനങ്ങൾ വർഷാവസാനം സഞ്ചിത നിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | തുക |
|---|---|
| വികസന ഫണ്ട്-SCSP | 218995/- |
| വികസന ഫണ്ട്-(TSP) | 139991 |
| മെയിന്റനൻസ്ഗ്രാന്റ്-Road | 1663246 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 293232 |
| മെയിന്റനൻസ്ഗ്രാന്റ്-Non Road | 369674/- |
| ആകെ | 2685141/- |

നിർവ്വഹണത്തിന് ഏറ്റെടുക്കുന്ന പ്രോജക്ടുകൾ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുൻപായി പൂർത്തിയാക്കി ട്രഷറിയിൽ ബില്ല് സമർപ്പിച്ച് മാറിയെടുക്കാൻ നിർവ്വഹണോദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൽ നിർവ്വഹണോദ്യോഗസ്ഥർക്ക് ഭരണസമിതിയുടെ സഹകരണവും ലഭ്യമാക്കേണ്ടതാണ്.

**1-6 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി**

തൊഴിലുറപ്പ് പദ്ധതിയുടെ 2024-2025 വർഷത്തെ ലേബർ ഗ്രാമസഭയിൽ ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തുകയും, ഓഡിറ്റ് വർഷം സാങ്കേതിക അനുമതി ലഭിച്ച 120 പ്രോജക്ടുകളിൽ, 98 എണ്ണം തൻവർഷം നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. 23266 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 362 കുടുംബങ്ങൾ

പദ്ധതിയുമായി സഹകരിച്ചു. മരം വെച്ചുപിടിപ്പിക്കൽ, തോട് തടയണ നിർമ്മാണം,വൃത്തിയാക്കൽ, മഴക്കുഴി, കൃഷിക്ക് നിലം ഒരുക്കൽ, തൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട്, കയ്യാല നിർമ്മാണം എന്നിവയാണ് ഏറ്റെടുത്ത പ്രധാന വേലകൾ. MGNREGS ക്യാഷ്ബുക്ക് പ്രകാരമുള്ള 2024-2025 വർഷത്തെ വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കാഷ് | 2623.5 | 823968 | 826591.5 | 1531445 | |
| ഇ.എഫ്.എം.എസ് | 0 | 8823220 | 8823220 | 8118368 | |
| ആകെ | 2623.5 | 9647188 | 9649811.5 | 9649811 | 0.5 |

**1-7 ക്ഷേമ പദ്ധതികൾ**

ഓഡിറ്റ് വർഷം, വിവിധ ക്ഷേമ പദ്ധതികൾക്കായി ഗ്രാമപഞ്ചായത്ത് ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 13569900 | 984 |
| കർഷക തൊഴിലാളി പെൻഷൻ | 2556400 | 184 |
| വിധവ പെൻഷൻ | 4445900 | 342 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 247600 | 22 |
| വികലാംഗ പെൻഷൻ | 2110400 | 187 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് 2024-25 വാർഷിക കണക്കുകളുടെ ഓഡിറ്റിന്റെ ഭാഗമായി തീക്കോയി ഗ്രാമപഞ്ചായത്തിൽ അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ 25.07.2025 തീയതിയിൽ 03.00 പി എം സമയത്ത് നടത്തുകയുണ്ടായി. 237/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണസംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്. സെക്രട്ടറി, ഗ്രാമപഞ്ചായത്തിൽ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനം നിയന്ത്രിച്ചിട്ടുണ്ട്. വസ്തുനികുതി ഈടാക്കുന്നതിന് 100%പിരിവ് നേടിയെടുക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വയ്ക്കണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല.

മരാമത്ത് പ്രവൃത്തികളുടെ പ്രവർത്തന കലണ്ടർ ഫയലുകളിൽ സൂക്ഷിക്കുന്നില്ല. കരാർ വെച്ച് ആരംഭിച്ച പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതുമൂലം സർക്കാർ ഗ്രാന്റുകൾ പാഴാകുന്ന സ്ഥിതി വിശേഷവുമുണ്ട്. വാർഷിക കണക്കുകളുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ കൃത്യമായി രേഖപ്പെടുത്തൽ വരുത്തി സൂക്ഷിക്കുന്നില്ല. വായ്പാരജിസ്റ്റർ, മുൻകൂർ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവയും കൃത്യമായി രേഖപ്പെടുത്തൽ വരുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ആഭ്യന്തര നിയന്ത്രണം മെച്ചപ്പെടുത്തി പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കര്യക്ഷമമാക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.02.2018 – 22.02.2018 | 2012-13 മുതൽ 2016-17 വരെ | LBA(HQ)11/8A-2781/380 തീയതി 12.04.18 |
| പെർഫോർമൻസ് ഓഡിറ്റ് | 10.08.2022 – 11.08.2022 | 1/2022 മുതൽ | ലഭിച്ചിട്ടില്ല |

| | | | |
|---|---|---|---|
| | | 3/2022 വരെ | |

## 1-11 ഇ-പേയ്മെൻ്റ് , യുപിഐ എന്നിവക്കായി ആരംഭിച്ച കറന്റ് അക്കൗണ്ടിൽ വൻതുക അവശേഷിക്കുന്നു

ഗ്രാമ പഞ്ചായത്ത് ഓൺലൈൻ പണമിടപാടുകൾ നടത്തുന്നതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ തീക്കോയി ശാഖയിൽ ഒരു കറന്റ് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. നികുതി തുകകൾ ഓൺലൈനായി ലഭിക്കുന്നത് പ്രസ്തുത അക്കൗണ്ടിലാണ് നിക്ഷേപിക്കപ്പെടുന്നത് (അക്കൗണ്ട് നം. 67396602462). 31.05.2025 വരെയുള്ള പാസ്സ്ബുക്ക് രേഖപ്പെടുത്തലുകൾ പ്രകാരം പ്രസ്തുത അക്കൗണ്ടിൽ ₹ 2806833/- രൂപ നീക്കിയിരുപ്പുണ്ട് . പലിശരഹിതവും ബാങ്ക് ചാർജ് ഈടാക്കപ്പെടുന്നതുമായ പ്രസ്തുത അക്കൗണ്ടിൽ ഗണ്യമായ തുക നിലനിർത്തിയിരിക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/01-08-2025) മറുപടിയായി കറന്റ് അക്കൗണ്ടിലെ തുക സേവിങ്സ് അക്കൗണ്ടിലേക്ക് മാറ്റാൻ നടപടി സ്വീകരിക്കുമെന്ന് അറിയിച്ചു.പലിശരഹിത അക്കൗണ്ടിലുള്ള തുക തനത് ഫണ്ട് സേവിംഗ്സ് അക്കൗണ്ടിലേക്ക് മാറ്റുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 ആയുർവേദ സ്പാ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വസ്തുനികുതി പുനർ നിർണയിച്ചില്ല

ഗ്രാമപഞ്ചായത്തിന്റെ 2024-25 സാമ്പത്തികവർഷത്തെ ലൈസൻസ് ഫീസ് ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന കെട്ടിടത്തിൽ ആയുർവേദ സ്പാ പ്രവർത്തിക്കുന്നതിനുള്ള അനുമതി (File No. 244/2024/07.09.2024) നൽകിയിട്ടുള്ളതായി കാണുന്നു. എന്നാൽ സഞ്ചയയിലെ വിവരങ്ങൾ പ്രകാരം പ്രസ്തുത കെട്ടിടത്തെ 'ആയുർവേദ സുഖചികിത്സ കേന്ദ്രങ്ങൾ' എന്ന വിഭാഗത്തിൽ ഉൾപെടുത്താതെ 'അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ' എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തിയാണ് വസ്തുനികുതി കണക്കാക്കിയിരിക്കുന്നത്.

| ക്രമ നം | ഉടമസ്ഥന്റെ പേര് | വാർഡ് നമ്പർ/ കെട്ടിട നമ്പർ | വിസ്തീർണ്ണം (ച.മീ.) | സഞ്ചയ പ്രകാരം ഉപയോഗക്രമം | ലൈസൻസ് രജിസ്റ്റർ പ്രകാരമുള്ള ഉപയോഗക്രമം | ഈടാക്കേണ്ട നികുതി നിരക്ക് | ഈടാക്കിയ നികുതി നിരക്ക് |
|---|---|---|---|---|---|---|---|
| 1 | ബേബി വള്ളിക്കാപ്പിൽ | 8/203 B | 66.52 | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, | ആയുർവേദ സുഖചികിത്സ കേന്ദ്രങ്ങൾ | 170 | 30 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | ലോഡ്ജ്, സിനിമ തിയേറ്റർ. | | | |

അപാകതയ്ക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (09/31.07.2025) മറുപടി ലഭ്യമാക്കിയില്ല. ടി സ്ഥാപനത്തിന്റെ ഉപയോഗക്രമത്തിൽ മാറ്റം വരുത്തി നികുതി നഷ്ടം പരിഹരിക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. അപാകത പരിഹരിച്ച് തുടർനടപടികളുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-13 സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖലയുടെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയിരിക്കുന്നു

വസ്തു നികുതി നിർണ്ണയിക്കുന്നതിനായി 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 1 പ്രകാരം ഗ്രാമ പഞ്ചായത്തിനെ പ്രഥമം, ദ്വിതീയം (കെട്ടിടങ്ങൾക്ക് 10 % നികുതി ഇളവ്), ത്രിതീയം (കെട്ടിടങ്ങൾക്ക് 20 % നികുതി ഇളവ്) എന്നീ മേഖലകളായി തരം തിരിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയം സംബന്ധിച്ച രേഖകളും സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകളും പരിശോധിച്ചതിൽ ഒരേ പുരയിടത്തിൽ സ്ഥിതി ചെയ്യുന്ന സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയതായി കാണുന്നു. വിശദാംശം ചുവടെ .

| ഉടമയുടെ പേര് | വില്ലേജ്/ സർവേ നം. | കെട്ടിട നമ്പർ | വിസ്തീർണ്ണം (ച.മീ ) | മേഖല | റോഡിന്റെ തരം |
|---|---|---|---|---|---|
| റാണി വള്ളിക്കാപ്പിൽ | തീക്കോയി 65/578/1 | 8/202 C | 43.87 | ദ്വിതീയം | ഈരാറ്റുപേട്ട - വാഗമൺ |
| | | 8/202 D | 188.72 | പ്രഥമം | |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/31.07.25) മറുപടിയായി 8/202 C നമ്പർ കെട്ടിടം പ്രാഥമിക മേഖലയിൽ ഉൾപ്പെടുന്നതാണെന്നും വസ്തു നികുതി നിർണയിച്ചതിലെ അപാകത പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിവരമറിയിക്കേണ്ടതാണ്. മറ്റു കെട്ടിടങ്ങളുടെ അസസ്സ്മെന്റിലും ഇതേ അപാകത സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകത മൂലം നികുതിയിനത്തിൽ തനതു ഫണ്ടിന് നഷ്ടം സംഭവിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 1-14 പാർപ്പിടാവശ്യത്തിനുള്ള കെട്ടിടം - കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു

പഞ്ചായത്തിലെ വസ്തുനികുതി സപ്ലിമെന്ററി അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഒരേ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള പുരയിടത്തിൽ (തീക്കോയി വില്ലേജ്, സർവേ നമ്പർ33/5-1) താമസാവശ്യത്തിനായി നിർമ്മിച്ചിട്ടുള്ള 386.96 ച.മീ. യിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് 14.03.2025ൽ വസ്തുനികുതി നിർണയിച്ച് 13/203 A എന്ന നമ്പർ നൽകിയിട്ടുണ്ട്. 300 ച.മീ. യിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടത്തെ 'പാർപ്പിടാവശ്യം- 300 ച.മീ.മുകളിലുള്ളവ' (വാർഷിക വർദ്ധനവിന് ശേഷമുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് - 11.55/-) എന്ന ഉപയോഗ ഗണത്തിൽ ഉൾപ്പെടുത്തിയായിരുന്നു വസ്തു നികുതി നിർണയിക്കേണ്ടിയിരുന്നത്. എന്നാൽ മേൽ കെട്ടിടത്തെ 'പാർപ്പിടാവശ്യം-300 ച.മീ.വരെയുള്ളവ' (അടിസ്ഥാന വസ്തുനികുതി നിരക്ക് - 7.35/-) എന്ന ഉപയോഗ ഗണത്തിലുൾപ്പെടുത്തിയാണ് വസ്തു നികുതി നിർണയിച്ചിട്ടുള്ളത്. കെട്ടിടത്തിന്റെ ഉപയോഗക്രമം സഞ്ചയയിൽ തെറ്റായി രേഖപ്പെടുത്തിയതുമൂലം നികുതി നിർണയത്തിൽ കുറവ് വന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഈടാക്കേണ്ട വസ്തുനികുതി

കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണ്ണം - 386.96 ച.മീ.

അടിസ്ഥാന വസ്തുനികുതി (നിരക്ക്- 11.55/-) = 386.96 X 11.55
= 4469.4/-

മേഖല അടിസ്ഥാനത്തിൽ ഇളവ് (10 %) = 446.9/-

തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ വർദ്ധനവ് (15%) = 670.4/-

ഈടാക്കേണ്ട വസ്തുനികുതി (സെസ്, സർവ്വീസ് ചാർജ് ഉൾപ്പെടുത്താതെ) = 4469.4 - 446.9 + 670.4
= 4692.9/-

ഈടാക്കിയ നികുതി

സഞ്ചയ പ്രകാരം നിർണ്ണയിച്ച അടിസ്ഥാന വസ്തു നികുതി = 386.96 X 7.35
= 2844.16/-

മേഖല അടിസ്ഥാനത്തിൽ ഇളവ് (10 %) = 284.4/-

തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ വർദ്ധനവ് (15%) = 426.6/-

ഈടാക്കേണ്ട വസ്തുനികുതി (സെസ്, സർവ്വീസ് ചാർജ് ഉൾപ്പെടുത്താതെ) = 2844.16 - 284.4 + 426.6
= 2986.4/-

വസ്തുനികുതിയിലുള്ള കുറവ് = 4692.9 – 2986.4
= **1706.5 /-**

നികുതി കുറഞ്ഞ നിരക്കിൽ നിശ്ചയിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10/31.07.2025) മറുപടിയിൽ കെട്ടിടത്തിന്റെ ഉപയോഗ ഗണം മാറ്റി വസ്തുനികുതി പുനർ നിർണയിക്കുന്നതാണെന്ന് അറിയിച്ചു. കെ സ്മാർട്ട് സോഫ്റ്റ്വെയറിൽ വസ്തുനികുതി പുനർനിർണയം നടത്തി ആയതിന്റെ രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ സെക്രട്ടറിയുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

**1-15 ലോഡ്ജിംഗ് ഹൗസുകളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല**

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് സാമ്പത്തിക വർഷം 60 ദിവസത്തിൽ കുറയാതെ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടവർക്ക് തൊഴിൽ നികുതി ചുമത്തേണ്ടതാണ്. തീക്കോയി ഗ്രാമപഞ്ചായത്ത് പരിധിയിൽ 2024-25വർഷം താഴെപ്പറയുന്നവ ലോഡ്ജിംഗ് ഹൗസുകളായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | വിന്റർ ക്രിസ്റ്റൽ,വഴിക്കടവ് |
| 2 | വൈറ്റ് ഹൗസ് റിസോർട്ട് വഴിക്കടവ് |
| 3 | ഞല്ലമ്പുഴ ഗസ്റ്റ് ഹൗസ് വഴിക്കടവ് |
| 4 | വാനിലാ കൗണ്ടി ലോഡ്ജിംഗ് |
| 5 | റോയൽ വാഗ റിസോർട്ട് |

അപാകതക്ക് രേഖാമൂലം വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/01-08-2025) മറുപടി ലഭിച്ചില്ല. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതി ഒടുക്കേണ്ട സ്ഥാപനങ്ങളിൽ നിന്നും ആയതും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-16 പൊതുമരാമത്ത് കരാറുകാരുടെ തൊഴിൽ നികുതി ഒടുക്കുന്നില്ല**

തീക്കോയി ഗ്രാമപഞ്ചായത്ത് പരിധിയിൽ കരാർ പ്രവൃത്തികൾ ചെയ്യുന്നവരുടെ ലിസ്റ്റ് തയ്യാറാക്കി തൊഴിൽ നികുതി ചുമത്തുന്നില്ല. വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചവരുടെ വിശദാംശം ലഭ്യമായിരുന്നിട്ടും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം തൊഴിൽ നികുതി ചുമത്താതിരുന്നതിന്റെ കാരണം വ്യക്തമല്ല.

പഞ്ചായത്തിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ 2024-25 വർഷത്തെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം മരാമത്ത് പ്രവൃത്തികൾക്ക് കരാർ ചമച്ച ശേഷവും നികുതി ഒടുക്കാത്ത കരാറുകാരുടെ പേരുകൾ താഴെ ചേർക്കുന്നു.

| ക്രമ നം. | 2024-25 ലെ കരാറുകാരുടെ പേരുകൾ |
|---|---|
| 1. | ജോമി മാത്യൂ |
| 2. | ടി എ സുലൈമാൻ |
| 3. | ഡെന്നി ജോസ് |
| 4. | നീലേഷ് എബ്രഹാം |
| 5. | ഷാജി മാത്യൂ |
| 6. | ടോജു ജോസഫ് |
| 7. | ഷിജു ജോർജ്ജ് |

കരാറുകാർ മറ്റ് തദ്ദേശ സ്ഥാപന പ്രദേശത്തുകൂടി പ്രവർത്തിക്കുന്നവരാണെങ്കിൽ അവരുടെ തൊഴിൽ നികുതി ഒടുക്ക് വിവരം പരിശോധിച്ച് നികുതി ഡിമാന്റ് ചെയ്യേണ്ടതായിരുന്നു. കരാറുകാരുടെ തൊഴിൽ നികുതി അതാത് വർഷത്തെ നികുതി വരുമാനമായതിനാൽ നികുതി ഡിമാന്റ് ചെയ്യാതെയും ഒടുക്കാതെയും തുടരുന്നത് തനത് വരുമാന നഷ്ടത്തിന് ഇടയാക്കുന്നു. കരാറുകാരുടെ ഡേറ്റ തയ്യാറാക്കി തൊഴിൽ നികുതി ഈടാക്കാത്തതിനും അതുമൂലം പഞ്ചായത്ത് ഫണ്ടിനുണ്ടായ നികുതി വരുമാന നഷ്ടത്തിനും രേഖാമൂലം വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/01-08-2025) മറുപടി ലഭിച്ചിട്ടില്ല.കരാറുകാരുടെ തൊഴിൽ നികുതി 2024-25 വർഷത്തേത് നടപ്പ് വർഷം കുടിശികയായി Prior Period Tax റവന്യൂ ശീർഷകത്തിൽ അടവാക്കിയ ശേഷം ആയതിന്റെ നികുതി ഒടുക്കിയ രസീതുകളും ഡിമാന്റ് ലിസ്റ്റും സാക്ഷ്യപ്പെടുത്തി ലഭ്യമാക്കേണ്ടതാണ്.

## 1-17 ലൈസൻസില്ലാതെ റിസോർട്ടുകൾ പ്രവർത്തിക്കുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 232-ാം വകുപ്പ് , 1996 ലെ കേരളപഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ ചട്ടം 3 എന്നിവ പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് ഇല്ലാതെ റിസോർട്ടുകൾ, ഹോം സ്റ്റേകൾ എന്നിവ നടത്തിക്കൊണ്ടുപോകുവാൻ പാടുള്ളതല്ല. തീക്കോയി ഗ്രാമപഞ്ചായത്ത് പരിധിയിൽ വസ്തു നികുതി നിർണ്ണയത്തിനുള്ള സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം റിസോർട്ടുകൾ എന്ന ഉപയോഗക്രമങ്ങളിൽപ്പെടുത്തി വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ള താഴെപ്പറയുന്ന കെട്ടിടങ്ങൾ ലൈസൻസ് എടുത്തതായി രേഖകളില്ല.

| ക്രമ നം. | കെട്ടിടം | കെട്ടിട ഉടമയുടെ പേര് | ഉപയോഗക്രമം |
|---|---|---|---|
| 1 | V/86 | ജോൺസൺ കെ എബ്രഹാം | റിസോർട്ടുകൾ |
| 2 | VII/153A | തോമസ് ജോൺ | റിസോർട്ടുകൾ |
| 3 | VII/117,121,122,123 | കുര്യൻ ജോസഫ് | റിസോർട്ടുകൾ |
| 4 | 12/268 Q,R,S,T | ബിൻസ് ജേക്കബ് | റിസോർട്ടുകൾ |

ഇപ്രകാരം ലൈസൻസില്ലാതെ റിസോർട്ടുകൾ പ്രവർത്തിക്കുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/01-08-2025) മറുപടി ലഭ്യമാക്കിയില്ല. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതും തുടർനടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

**1-18 ഗ്രാമപഞ്ചായത്ത് ആസ്തികളുടെ ലേലം-ഭരണസമിതി തീരുമാനം നടപ്പിലാക്കിയില്ല**

1. 5/3/2025 ലെ ഭരണസമിതി യോഗം തീരുമാനം 6 പ്രകാരം ഹോമിയോ ആശുപത്രി,ആയുർവേദ ആശുപത്രി എന്നിവിടങ്ങളിൽ ഉപയോഗ ശൂന്യമായി കിടക്കുന്ന ആക്രി സാധനങ്ങൾ ലേലം ചെയ്ത് വിൽക്കുന്നതിന് ഈ വസ്തുക്കളുടെ വാല്യുവേഷൻ നൽകുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയും വല്യുവേഷൻ കിട്ടുന്ന മുറയ്ക്ക് ലേലം ചെയ്യാനും തീരുമാനിച്ചിരുന്നു.

2.18/1/2025 ലെ ഭരണസമിതി തീരുമാനപ്രകാരം പഞ്ചായത്ത് ജംഗ്ഷൻ അങ്കണവാടിയുടെ മുകൾ വശത്തുള്ള ആക്രി സാധനങ്ങൾ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്ന് വല്യൂവേഷൻ വാങ്ങി ലേലം ചെയ്ത് നീക്കാൻ തീരുമാനിച്ചിരുന്നു.

പഞ്ചായത്ത് ആസ്തിയുമായി ബന്ധപ്പെട്ട മേൽ ലേലങ്ങളിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.19/01-08-2025) മറുപടിയായി അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്ന് വാല്യൂവേഷൻ കിട്ടാത്തതിനാലാണ് തുടർനടപടി സ്വീകരിക്കാൻ സാധിക്കാത്തതെന്നും ലേലം നടത്തി ഇവ ഒഴിവാക്കുമെന്നും അറിയിച്ചു. തുടർനടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ് .

**1-19 പെർമിറ്റില്ലാതെ സ്കൂൾ കെട്ടിട നിർമ്മാണം - തുടർ നടപടികൾ സ്വീകരിച്ചില്ല**

തീക്കോയി വില്ലേജിൽ റീസർവേ നമ്പർ 99/3 ൽ ഉൾപ്പെട്ട സ്ഥലത്ത് ദീപ്തി സ്കൂൾ കോംബൗണ്ടിൽ നിലവിലുള്ള കെട്ടിടങ്ങളോട് ചേർന്ന് കൂട്ടിച്ചേർക്കലിനായി 29.01.2020 ൽ നിർമാണാനുമതി അപേക്ഷ (ഫയൽ നം.316/2020) ലഭ്യമാക്കിയിരുന്നു. പഞ്ചായത്ത് ഈ വിഷയം ജില്ലാ ടൗൺ പ്ലാനറുടെ പരിശോധനയ്ക്കായി സമർപ്പിക്കുകയും കെ പി ബി ആർ 2019 അനുസരിച്ച് പഞ്ചായത്ത് സെക്രട്ടറിക്ക് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് ടൗൺ പ്ലാനർ അറിയിക്കുകയും ചെയ്തിട്ടുണ്ട് (ഉത്തരവ് നം. TCPKTM/401/2020-C/28.10.2020). തുടർന്ന് പഞ്ചായത്ത് സെക്രട്ടറി കെട്ടിട നിർമാണാനുമതി നൽകിയതായി കാണുന്നില്ല. എന്നാൽ പഞ്ചായത്തിന്റെ അനുമതി കൂടാതെ തന്നെ കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് ആയത് ക്രമവത്കരിക്കുവാനായി 29.04.2024 തീയതിയിൽ സ്കൂൾ മാനേജർ അപേക്ഷ ലഭ്യമാക്കിയിരുന്നു (ഫയൽ നം. 1049/2024). പഞ്ചായത്ത് കെട്ടിടത്തിനടുത്തുതന്നെ അനധികൃത നിർമ്മാണം നടന്നിട്ടും സ്റ്റോപ്പ് മെമ്മോ നൽകുകയോ തുടർ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

ക്രമവൽക്കരണത്തിനായുള്ള അപേക്ഷയോടൊപ്പം ലഭ്യമാക്കിയ കംപ്ലീഷൻ പ്ലാൻ പ്രകാരം 760.97 ച.മീ. നിർമ്മാണമാണ് പ്ലോട്ടിൽ നടത്തിയിട്ടുള്ളത്. കെ പി ബി ആർ ചട്ടങ്ങൾ, ചട്ടം 30 പ്രകാരം ക്രമവൽക്കരണ അപേക്ഷ വീണ്ടും ടൗൺ പ്ലാനറുടെ അംഗീകാരത്തിനായി അയച്ചിട്ടുണ്ടെങ്കിലും തുടർ നടപടി വിശദാംശങ്ങൾ ഓഡിറ്റ് പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല. കെട്ടിടം നിലവിൽ ക്രമവൽക്കരിക്കാതെ തുടരുകയാണ്. 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 93(3) പ്രകാരം ക്രമവത്കരണത്തിനുള്ള അപേക്ഷകളിൽ തീർപ്പാക്കൽ നടപടിക്രമം പുതിയ പെർമിറ്റിനുള്ള അപേക്ഷയുടെ കാര്യത്തിലെന്നതുപോലെ തന്നെയായിരിക്കും. ആയതിനാൽ ക്രമവത്കരണത്തിനുള്ള അപേക്ഷകൾ അപേക്ഷ ലഭിച്ച് നിശ്ചിത ദിവസത്തിനുള്ളിൽ അംഗീകരിക്കുകയോ, നിരസിക്കുകയോ ചെയ്യേണ്ടതാണ്. ക്രമവത്ക്കരണം നിരസിക്കുന്ന അപേക്ഷകളിൽ ചട്ടം 96 പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് (Demolition Of Buildings Not Regularised). എന്നാൽ മേൽ കെട്ടിടം ക്രമവത്ക്കരിക്കുന്നതിനോ, ചട്ടപ്രകാരമുള്ള മറ്റ് നടപടികൾ നടപ്പിലാക്കുന്നതിനോ ഗ്രാമപഞ്ചായത്ത് അനന്തര നടപടികൾ സ്വീകരിച്ചിട്ടില്ല.

കെട്ടിടം അനധികൃതമായി നിർമ്മിച്ചതാണെന്ന് ബോധ്യമായിട്ടും ആയത് ക്രമവൽക്കരിക്കുകയോ, കെട്ടിടത്തിന് U/A നമ്പർ നൽകി നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 235 എഎ പ്രകാരം ഏതെങ്കിലും ആൾ നിയമാനുസൃതമല്ലാതെ ഏതെങ്കിലും കെട്ടിടം നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്താൽ കെട്ടിടം പണി പൂർത്തിയാക്കുകയോ, അത് 203-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ പറയുന്ന ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ചു മാറ്റുന്ന തീയതി വരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നതെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക അപ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തുനികുതി ആയി നൽകുവാൻ

ബാധ്യസ്ഥനായിരിക്കുന്നതാണ്. സെക്ഷൻ 235 എ എ(3) പ്രകാരം ഇത്തരം കെട്ടിടങ്ങൾക്ക് പ്രത്യേക നമ്പർ നൽകേണ്ടതാണ്, സെക്ഷൻ 235 എഎ(4) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടം നിർമ്മിക്കപ്പെട്ട വസ്തുവിന്റെ സർവ്വെ നമ്പർ, വസ്തു ഉടമയുടെ പേരു വിവരങ്ങൾ, കെട്ടിടത്തിന് നൽകപ്പെട്ട പ്രത്യേക നമ്പർ, കെട്ടിടത്തിന് ചുമത്തിയതും ഈടാക്കിയതുമായ വസ്തുനികുതി വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയ പ്രത്യേക രജിസ്റ്ററുകൾ വാർഡുകൾ തിരിച്ച് സൂക്ഷിക്കേണ്ടതാണ്. പഞ്ചായത്തിൽ പരിപാലിക്കുന്ന അനധികൃത നിർമ്മാണ രജിസ്റ്റർ പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല.

മേൽ കെട്ടിടം ക്രമവൽക്കരിക്കുന്നത് സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള തുടർ നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതും അല്ലാത്തപക്ഷം ചട്ടപ്രകാരം അനധികൃത നിർമ്മാണങ്ങൾക്കുള്ള നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുവാനുമാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.6/30.07.2025) മറുപടിയായി ജില്ല ടൗൺ പ്ലാനറുടെ റിപ്പോർട്ട് ലഭ്യമാവുന്ന മുറയ്ക്ക് എൽ എസ് ജി ഡി, അസിസ്റ്റന്റ് എഞ്ചിനീയർക്ക് കൈമാറി കെട്ടിടം ക്രമവൽക്കരിക്കാവുന്നതാണോ എന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയമാനുസൃത നികുതി ഈടാക്കുന്നതാണെന്നറിയിച്ചു . കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടം 2019 -ലെ ചട്ടം 90, 91 എന്നിവ പ്രകാരം നിയമവിരുദ്ധമായി ആരംഭിച്ചതോ തുടർന്നുകൊണ്ടിരിക്കുന്നതോ പൂർത്തീകരിച്ചതോ ആയ നിർമ്മാണങ്ങൾ നിർത്തിവെക്കുന്നതിന് ആവശ്യപ്പെടാവുന്നതും ഇവയുടെ പൊളിച്ചുകളയൽ, മാറ്റം വരുത്തൽ എന്നിവയ്ക്കും ചട്ടം 92 പ്രകാരം നിയമത്തിന്റെയോ ചട്ടങ്ങളുടെയോ ഏതെങ്കിലും വ്യവസ്ഥകളുടെയോ ലംഘനമില്ലാത്ത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിനും സെക്രട്ടറിയ്ക്ക് അധികാരമുണ്ട്. കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള അടിയന്തിര നടപടികൾ അനധികൃതനിർമ്മാണത്തിൽ സ്വീകരിക്കേണ്ടതാണ്. ക്രമവൽക്കരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാകുന്നതുവരെ കെട്ടിടത്തിന് U/A നമ്പർ നൽകി കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 235 എഎ പ്രകാരം ഈടാക്കേണ്ട നികുതി കുടിശിക സഹിതം ഈടാക്കി അറിയിക്കേണ്ടതാണ്.

**<u>1-20 റിസോർട്ട് കോംമ്പൗണ്ടിലെ അനധികൃത നിർമ്മാണം പരിശോധിച്ച് നടപടിയെടുക്കേണ്ടതാണ്.</u>**

ശ്രീ. പി ജി ദേവസി , പള്ളിപ്പാടൻ എന്നയാളുടെ ഉടമസ്ഥതയിൽ പഞ്ചായത്ത് ഏഴാം വാർഡിൽ സ്ഥിതി ചെയ്യുന്ന കെട്ടിടത്തിൽ 'ജെ മൗണ്ട് റിസോർട്ട്സ് ' എന്ന പേരിലുള്ള സ്ഥാപനം പ്രവർത്തിച്ചു വരുന്നു. ടി കെട്ടിടത്തിന്റെ 312.19 ച.മീ. വിസ്തീർണ്ണമുള്ള ഭാഗത്തിന് 'ഹോംസ്റ്റേ' എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയം നടത്തി 7/276 C, D, E എന്നീ നമ്പറുകൾ അനുവദിച്ചിട്ടുള്ളതായി കാണുന്നു. സഞ്ചയ റവന്യൂ മൊഡ്യൂൾ, സ്ഥാപനത്തിന്റെ വെബ്സൈറ്റ്, മറ്റ് ബുക്കിങ് വെബ്സൈറ്റുകൾ എന്നിവ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ്ഥാപനത്തിന്റെ തന്നെ Jmountvagamon.in എന്ന വെബ്സൈറ്റ് പ്രകാരം അടുക്കള, റസ്റ്റോറന്റ് തുടങ്ങിയ സൗകര്യങ്ങളോടെ പ്രവർത്തിക്കുന്നതും വിവിധ ബുക്കിംഗ് വെബ്സൈറ്റുകളിൽ ഉൾപ്പെടെ റിസോർട്ട് എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമായ സ്ഥാപനത്തിന്റെ അനുബന്ധ കെട്ടിടങ്ങളെ' റിസോർട്ട് ' എന്ന ഉപയോഗക്രമത്തിൽ

ഉൾപ്പെടുത്തി നികുതി നിശ്ചയിക്കേണ്ടതിനുപകരം 'ഹോംസ്റ്റേ' എന്ന ഉപയോഗ ക്രമത്തിൽ ഉൾപ്പെടുത്തിയാണ് നികുതി നിശ്ചയിച്ചിട്ടുള്ളത്. ഉടമസ്ഥൻ താമസിക്കുന്ന കെട്ടിടത്തിന്റെ അനുബന്ധ ഭാഗങ്ങൾ വിനോദസഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുകയാണെങ്കിൽ മാത്രമേ ഹോംസ്റ്റേ എന്ന നിർവചനത്തിൽ ഉൾപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ.

2. പ്ലോട്ടിൽ നിലവിലുള്ള 3 നില റിസോർട്ട് കെട്ടിടത്തോട് ചേർന്ന് അനുബന്ധ കെട്ടിടവും സ്വിമ്മിങ് പൂളും ഫ്രണ്ട് യാർഡിൽ രണ്ട് റിസോർട്ട് കോട്ടേജുകളും ഉള്ളതായാണ് കാണുന്നത്. എന്നാൽ പ്രധാന കെട്ടിടത്തിലെ രണ്ട് നിലകൾക്കും സെല്ലാർ ഭാഗത്തിനും അനുബന്ധ കെട്ടിടത്തിനും മാത്രമാണ് വസ്തുനികുതി നിർണയിച്ചിട്ടുള്ളത്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടത്തിൽ ചട്ടം 3(3) പ്രകാരം ഒരു കെട്ടിടത്തിനോടനുബന്ധിച്ച് സ്വിമ്മിങ് പൂൾ ഉണ്ടെങ്കിൽ അതിന്റെ വിസ്തീർണ്ണം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ മേൽ സ്ഥാപനത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചപ്പോൾ സ്വിമ്മിങ് പൂൾ ഉൾപ്പെടുത്തിയതായി കാണുന്നില്ല.

3. പ്രധാന കെട്ടിടത്തിന്റെ രണ്ട് നിലകൾക്കാണ് നിർമ്മാണാനുമതിയുള്ളത് (പെർമിറ്റ് നം. A2-5085/2016/16.11.2016). മുകൾ നിലയിലെ നിർമ്മാണത്തിനും ഫ്രണ്ട് യാർഡിൽ സ്ഥിതി ചെയ്യുന്ന കോട്ടേജുകൾക്കും പഞ്ചായത്തിൽ നിന്നും കെട്ടിട നിർമാണാനുമതി ലഭ്യമായിട്ടുള്ളതായി കാണുന്നില്ല.

മേൽ വിഷയങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം. 12/31.07.2025) മറുപടിയായി കെട്ടിടത്തിൽ പരിശോധന നടത്തി തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. തുടർ നടപടി വിശദാംശം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-21 ഒക്യുപ്പൻസി അനുവദിച്ച കെട്ടിടത്തിലെ കൂട്ടിച്ചേർക്കൽ - പെർമിറ്റ് അനുവദിച്ചതിൽ അപാകത

തീക്കോയി വില്ലേജിൽ റീ സർവേ നമ്പർ 108/2-1 ലുള്ള 1295 M2 വിസ്തീർണ്ണമുള്ള പ്ലോട്ടിൽ നിലവിലുണ്ടായിരുന്ന 342.41 ച.മീ. വിസ്തീർണമുള്ള വാണിജ്യ കെട്ടിടത്തിന് മുകൾ നിലയിൽ 377.28 ച.മീ. നിർമ്മിത വിസ്തൃതിയുള്ള റെസിഡൻഷ്യൽ കെട്ടിടം പണിയുന്നതിനായി സ്ഥല ഉടമയായ ശ്രീ. ജെറിൻ ജോസ്, ശ്രീമതി സോണി ചാർളി , എന്നവർക്ക് 22.02.2024 ൽ A2-BA(66150)/2024 നമ്പറായി കെട്ടിട നിർമ്മാണ അനുമതി നൽകിയിരുന്നു. പ്രൊപോസ്ഡ് പ്ലാൻ, താഴത്തെ നിലയുടെ കംപ്ലീഷൻ പ്ലാൻ എന്നിവ പരിശോധിച്ചതിന്റെയും സൈറ്റിൽ ഭൗതിക പരിശോധന നടത്തിയതിന്റെയും അടിസ്ഥാനത്തിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. <u>സെല്ലാറിന് ക്രമവൽക്കരണ ഫീസ് ഈടാക്കിയില്ല - പഞ്ചായത്തിന് 82,178/- രൂപയുടെ വരവ് നഷ്ടം</u>

ഭൗതിക പരിശോധനയിൽ കെട്ടിടത്തിന് സെല്ലാർ ഉള്ളതായി കാണുന്നു. സെല്ലാറിന് ഏകദേശം ഗ്രൗണ്ട് ഫ്ലോറിന്റെ അത്രയും നിർമ്മിത വിസ്തീർണമുള്ളതാണ് (342.41 M2). സെല്ലാർ ഭാഗം ഉൾപ്പെടുത്താതെയാണ് കെട്ടിടത്തിന്റെ തറ നിരപ്പ് നിലയ്ക്ക് പെർമിറ്റ് അനുവദിച്ചത് (പെർമിറ്റ് നം.A2-BA-301781/2022/22.09.2022). എന്നാൽ പിന്നീട് കെട്ടിടത്തിന്റെ ഫസ്റ്റ് ഫ്ലോറിന് പെർമിറ്റ് അനുവദിച്ചപ്പോഴും സെല്ലാർ ഏരിയയിലെ നിർമ്മാണം ക്രമവൽക്കരിച്ച് റെഗുലറൈസേഷൻ ഫീസ്

ഈടാക്കിയില്ല.



2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 8, ചട്ടം 67 പ്രകാരം പെർമിറ്റ് എടുക്കുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ട കെട്ടിട ഭാഗങ്ങളുടെ ലിസ്റ്റിൽ സെല്ലാർ ഏരിയ ഉൾപ്പെട്ടിട്ടില്ല. തറ നിരപ്പ് നിലയ്ക്ക് പെർമിറ്റ് അനുവദിച്ചപ്പോൾ സെല്ലർ ഭാഗം ഉൾപ്പെടുത്താതിരുന്നത് സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെ വീഴ്ചയാണ്. തറനിരപ്പ് നിലയ്ക്ക് വാണിജ്യാവശ്യത്തിനുള്ള കെട്ടിടം എന്ന ഉപയോഗക്രമത്തിനാണ് പെർമിറ്റ് അനുവദിച്ചത് എന്നതിനാൽ സെല്ലാർ നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് തറ നിരപ്പ് നിലയുടെ തരം പരിഗണിച്ചാണ് സ്ളാബ് നിർണയിക്കേണ്ടത്. ക്രമവൽക്കരണ ഫീസ് ഈടാക്കാതിരുന്നതിനാൽ പഞ്ചായത്തിന് 82,178/- രൂപയുടെ വരവ് നഷ്ടം ഉണ്ടായിട്ടുണ്ട്.

സെല്ലാറിന്റെ വിസ്തൃതി = 342.41 M2

ഈടാക്കേണ്ടിയിരുന്ന ക്രമവൽക്കരണ ഫീസ് = 342.41 X 120 X 2 = 82,178/-

2. <u>സ്റ്റെയർ റൂമിന് പെർമിറ്റ് ഫീസ് ഈടാക്കിയില്ല</u>

സ്റ്റെയർ റൂമിന്റെ ബിൽറ്റപ്പ് ഏരിയ പരിഗണിക്കാതെയാണ് ഫസ്റ്റ് ഫ്ലോർ നിർമ്മാണത്തിനുള്ള പെർമിറ്റ് ഫീസ് ഈടാക്കിയിട്ടുള്ളത് . പെർമിറ്റിനായി സമർപ്പിച്ച പ്ലാനിൽ കെട്ടിടത്തിന്റെ ഫസ്റ്റ് ഫ്ലോറിൽ സ്റ്റെയർ റൂം മാർക് ചെയ്തിട്ടുണ്ട്. കൂടാതെ പ്രൊപോസ്ഡ് ബിൽഡിങ് പ്ലാനിൽ സ്റ്റെയർ റൂമിന്റെ ബിൽറ്റപ്പ് ഏരിയ 13.25 ച.മീ. ആയി രേഖപ്പെടുത്തിയിട്ടുമുണ്ട്. പഞ്ചായത്തിൽ നിന്നും നൽകിയ ബിൽഡിങ് പെർമിറ്റ് സർട്ടിഫിക്കറ്റിൽ സ്റ്റെയർ റൂമിന്റെ നിർമ്മിത വിസ്തൃതി രേഖപ്പെടുത്താതെ ഫസ്റ്റ് ഫ്ലോറിന്റെ മാത്രം നിർമ്മിത വിസ്തൃതി കണക്കാക്കിയാണ് കെട്ടിട നിർമാണാനുമതി നൽകിയിട്ടുള്ളത്. 2650/- രൂപ (13.25x100x2) ക്രമവത്ക്കരണ ഫീസ് ഈടാക്കേണ്ടതാണ്.

3. <u>പാർക്കിംഗ് - തുറസ്സായ സ്ഥലങ്ങളിൽ  കിച്ചൺ  കൗണ്ടർ നിർമ്മിച്ചു</u>

കെട്ടിടത്തിന് ആകെ 9 കാറുകൾക്കുള്ള പാർക്കിംഗ് സൗകര്യം ആവശ്യമാണ്. കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിൽ മുൻഭാഗത്തായി 4 കാറുകളുടെ പാർക്കിംഗ് സൗകര്യം കാണിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് നടത്തിയ പരിശോധനയിൽ പാർക്കിംഗ് സ്ഥലമായി കാണിച്ചിരുന്ന ഭാഗത്ത് തട്ടുകടയുടെ ഭാഗമായി കിച്ചൻ കൗണ്ടർ നിർമ്മിച്ചിട്ടുള്ളതായി കാണാൻ കഴിഞ്ഞു. പ്രസ്തുത നിർമ്മാണത്തിന് പഞ്ചായത്തിൽനിന്നും അനുമതി ലഭ്യമായിട്ടുള്ളതല്ല .

4. <u>നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടഭാഗം വാടകയ്ക്ക് നൽകിയിരിക്കുന്നു - വസ്തു നികുതി നിർണയിച്ചിട്ടില്ല .</u>

കെട്ടിടത്തിന്റെ ഫസ്റ്റ് ഫ്ലോറിലെ 3 റെസിഡൻഷ്യൽ യൂണിറ്റുകളുടെയും നിർമ്മാണം പൂർത്തിയായിട്ടുള്ളതാണ്. എന്നാൽ കെട്ടിട ഭാഗത്തിന് വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല.

മേൽ വിഷയങ്ങളിൽ വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13/31.07.2025) മറുപടി ലഭ്യമാക്കിയില്ല. കെട്ടിടത്തിൽ ഭൗതിക പരിശോധന നടത്തി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്തിന് നികുതി/നികുതിയേതര ഇനങ്ങളിൽ ലഭിക്കേണ്ട തുക കൃത്യമായി ഈടാക്കി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## <u>1-22 അസംബ്ലി കെട്ടിടത്തിലെ അനധികൃത നിർമ്മാണം - ക്രമവൽക്കരിച്ച് വസ്തുനികുതി ഈടാക്കേണ്ടതാണ്</u>

തീക്കോയി വില്ലേജിൽ സർവേ നമ്പർ 326,2299/4,2309/3 ലുള്ള 11 ഹെക്ടർ 39 ആർ പുരയിടത്തിൽ 1690.82 ച.മീ. വിസ്തീർണ്ണമുള്ള രണ്ട് നില 'സ്പെഷ്യൽ റെസിഡൻഷ്യൽ' ആവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥലം ഉടമയായ ബിഷപ്, പാലാ എന്നവർക്ക് 21.02.2022 തീയതിയിൽ A2-BA(65365)/2022 നമ്പറായി കെട്ടിട നിർമ്മാണ അനുമതി (Revised Permit) നൽകിയിരുന്നു. മേൽ കെട്ടിടത്തിന് 'അസംബ്ലി കെട്ടിടം' എന്ന ഉപയോഗ ഗണത്തിൽ ഉൾപ്പെടുത്തി ഒക്ക്യൂപ്പൻസി അനുവദിച്ച് 7/179 A എന്ന നമ്പർ നൽകുകയും ചെയ്തിട്ടുണ്ട്. കെട്ടിടത്തിന് പുതുക്കിയ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത് 05.02.2025 ലാണ് . പെർമിറ്റ്, സഞ്ചയ ഫോം 6, കംപ്ലീഷൻ പ്ലാൻ എന്നിവ പരിശോധിച്ചതിന്റെയും സൈറ്റിൽ ഭൗതിക പരിശോധന നടത്തിയതിന്റെയും അടിസ്ഥാനത്തിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു .

1. ധ്യാനകേന്ദ്രമായി പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ പ്രധാന ഭാഗം അസംബ്ലി ഹാൾ ആണ്. എന്നാൽ പെർമിറ്റ് അനുവദിച്ചിരിക്കുന്നത് സ്പെഷ്യൽ റെസിഡൻഷ്യൽ കെട്ടിടം നിർമ്മിക്കുന്നതിനായാണ്. പ്രധാന കെട്ടിടത്തിന്റെ ഉപയോഗ ഗണം കണക്കിലെടുത്ത് ആ ഗണത്തിൽ ഉൾപ്പെടുത്തിയോ അല്ലെങ്കിൽ വ്യത്യസ്ത ഉപയോഗക്രമങ്ങളിലുള്ള കെട്ടിട ഭാഗങ്ങളുടെ വിസ്തീർണ്ണം പ്രത്യേകമായി രേഖപ്പെടുത്തിയോ പെർമിറ്റ് അനുവദിക്കേണ്ടതായിരുന്നു.

2. <u>സെക്കൻഡ് ഫ്ലോറിൽ നിർമാണാനുമതി ഇല്ലാതെ അധിക റൂഫിങ് - പെർമിറ്റ് ഫീ, വസ്തുനികുതി ഈടാക്കിയില്ല</u>

അപേക്ഷകൻ നമ്പറിങ്ങിനായി സമർപ്പിച്ച കംപ്ലീഷൻ പ്ലാനിൽ മുകൾ നിലയിൽ സ്റ്റെയർ റൂം (വിസ്തീർണ്ണം - 48.64 ച.മീ.) മാത്രമാണ് ഉണ്ടായിരുന്നത് . കെട്ടിടത്തിൽ ഭൗതിക പരിശോധന നടത്തിയപ്പോൾ കെട്ടിട നമ്പർ അനുവദിച്ച ശേഷം

കെട്ടിടത്തിൽ പഞ്ചായത്തിൽ നിന്നുള്ള അനുമതി കൂടാതെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതായി കാണുന്നു. കെട്ടിടത്തിന്റെ റൂഫ് ഏകദേശം 3 മീറ്ററിലധികം ഉയരത്തിൽ ട്രസ്സ് വർക്ക് ചെയ്യുകയും വശങ്ങൾ അലുമിനിയം ട്രാഫോഡ് ഷീറ്റ് സ്ഥാപിച്ച് അടയ്ക്കുകയും ചെയ്തിട്ടുണ്ട്. ആയത് ടെറസ് ഭാഗം മുഴുവനായി കവർ ചെയ്തിട്ടുള്ളതിനാൽ ഏകദേശം ഫസ്റ്റ് ഫ്ലോറിന്റെ അത്രയും വിസ്തീർണ്ണം (821.09 M2) ഉള്ളതായി കാണുന്നു. ഇത് പെർമിറ്റില്ലാതെയുള്ള അനധികൃത നിർമ്മിതിയാണ്. കേരള പഞ്ചായത്ത് രാജ് (കെട്ടിട നിർമ്മാണ ചട്ടങ്ങൾ) 2019, ചട്ടം 74(6) പ്രകാരം മൂന്നു നിലകൾ വരെയുള്ളതും 10 മീറ്ററിൽ കൂടുതൽ ഉയരമില്ലാത്തതുമായ ഏക കുടുംബ വാസഗൃഹങ്ങൾ ഒഴികെയുള്ള മറ്റെല്ലാ ഒക്യുപ്പൻസിയ്ക്ക് കീഴിലുള്ള കെട്ടിടങ്ങളുടെ ടെറസ്സിലുള്ള അധിക ഷീറ്റ്/ഓട് മേൽക്കൂര നിർമ്മാണം മറ്റൊരു നിലയായി പരിഗണിക്കേണ്ടതും ഈ ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ നിർബന്ധിത ആവശ്യകതകളും കണക്കാക്കുന്നതിനായി ഉൾപ്പെടുത്തേണ്ടതുമാണ്. ടി കെട്ടിട ഭാഗം ക്രമവൽക്കരിച്ച് വസ്തുനികുതി ഈടാക്കിയിട്ടില്ല. മൂന്നാം നിലയുടെ ക്രമവൽക്കരണ ഫീസിനത്തിൽ മാത്രം പഞ്ചായത്തിന് ഏകദേശം 1.39 ലക്ഷം രൂപയുടെ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട് . വിശദാംശം ചുവടെ.

സെക്കൻഡ് ഫ്ലോറിന്റെ ആകെ നിർമ്മിത വിസ്തൃതി = 821.09 M2

സെക്കൻഡ് ഫ്ലോറിൽ ക്രമവൽക്കരിക്കേണ്ട ബിൽറ്റപ്പ് ഏരിയ = 821.09 - 48.64 (സ്റ്റെയർ റൂം)

= 772.45 M2

കെട്ടിടത്തിന്റെ തരം = 'മറ്റുള്ളവ'

ഈടാക്കേണ്ട ക്രമവൽക്കരണ ഫീസ് = 772.45 X 90 X 2

= 1,39,041/-





3. <u>തറ നിരപ്പ് നിലയിൽ അധിക നിർമ്മാണം</u>

അപേക്ഷകൻ നമ്പറിങ്ങിനായി സമർപ്പിച്ച പാർഷ്യൽ കംപ്ലീഷൻ പ്ലാനിൽ രണ്ട് നിലകളും സ്റ്റെയർ റൂമും ആണ് ഉണ്ടായിരുന്നത് . കെട്ടിട നമ്പർ അനുവദിച്ച ശേഷം താഴത്തെ നിലയിലുള്ള അസംബ്ലി ഹാളിനോട് ചേർന്ന് കെട്ടിടത്തിന്റെ ലെഫ്റ്റ് റിയർ യാർഡിൽ മറ്റൊരു ഹാൾ കൂടി നിർമ്മിച്ചിട്ടുണ്ട്. ഇത് പെർമിറ്റിലധികരിച്ചുള്ള അനധികൃത നിർമ്മാണമാണ്. ആയത് ക്രമവൽക്കരിച്ച് വസ്തുനികുതി ഈടാക്കിയിട്ടില്ല.

4. <u>തുറസ്സായ സ്ഥലങ്ങളിൽ അനുമതിയില്ലാതെ ഷെഡുകൾ നിർമ്മിച്ചു</u>

കെട്ടിടത്തിന്റെ ഫ്രണ്ട് യാർഡിൽ കാർ പാർക്കിങ്ങിനായി പാർക്കിങ് ഷെഡ് നിർമ്മിച്ചിട്ടുണ്ട്. കൂടാതെ കെട്ടിടത്തിന്റെ റൈറ്റ് റിയർ യാർഡിൽ മറ്റൊരു ഷെഡ് കൂടി നിർമ്മിച്ചിട്ടുണ്ട്. പ്രൊപോസ്ഡ് ബിൽഡിങ് പ്ലാനിലും കംപ്ലീഷൻ പ്ലാനിലും ഷെഡുകളുടെ നിർമ്മാണം ഉൾപ്പെട്ടിരുന്നില്ല. ലഭ്യമായ രേഖകൾ പ്രകാരം മേൽ നിർമ്മാണങ്ങൾക്ക് പഞ്ചായത്തിൽ നിന്നും പെർമിറ്റ് നേടിയിട്ടില്ല എന്ന് കാണുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിയിലുള്ള സ്ഥലങ്ങളിൽ നിർമ്മിക്കുന്ന വാണിജ്യമോ വാസഗൃഹമോ എപ്രകാരമുള്ള കെട്ടിടങ്ങളുടേതായാലും അവയ്ക്ക് കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായി ഒഴിച്ചിടേണ്ട തുറസ്സായ സ്ഥലം മുൻകൂർ അനുമതിയില്ലാതെ അനധികൃതമായി കെട്ടിയടച്ച് ഷെഡോ, മറ്റ് നിർമ്മാണങ്ങളോ നടത്തുന്നത് തദ്ദേശസ്ഥാപന സെക്രട്ടറിമാർ കർശനമായി വീക്ഷിക്കേണ്ടതാണെന്നും അത്തരം നിർമ്മാണങ്ങൾ തടയുന്നതിന് നടപടി സ്വീകരിക്കേണ്ടതാണെന്നും 20.06.2022-ലെ ആർ.ബി.3/178/2020-തസ്വഭവ നമ്പർ സർക്കുലറിലൂടെ സർക്കാർ നിഷ്ക്കർച്ചിട്ടുള്ളതാണ്.

മേൽ കെട്ടിടത്തിൽ കംപ്ലീഷൻ പ്ലാനിൽ നിന്നും വ്യതിചലിച്ച് നടത്തിയിട്ടുള്ള നിർമ്മാണങ്ങൾക്ക് പഞ്ചായത്തിൽ നിന്നും അനുമതി ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റുകൾ നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 23/31.08.2025) മറുപടി ലഭ്യമായില്ല. സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ കെട്ടിടത്തിൽ ഭൗതിക പരിശോധന നടത്തി തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്. ക്രമവത്ക്കരണ ഫീസിനത്തിലുള്ള 1,39,041/- രൂപ കെട്ടിട ഉടമയിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നഷ്ടോത്തരവാദിയായ സെക്രട്ടറിയുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

**<u>1-23 ഒക്യുപ്പൻസി ലഭിച്ചതിന് ശേഷം അനധികൃത നിർമ്മാണം വ്യാപകം-പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുന്നില്ല</u>**

പഞ്ചായത്തിൽ നിന്നും ഒക്യുപ്പൻസി ലഭിച്ചതിനു ശേഷം കെട്ടിടങ്ങളിൽ വ്യാപകമായി അനധികൃത നിർമ്മാണം നടത്തുന്നുണ്ട്. കെട്ടിടങ്ങളിൽ അനധികൃതമായ കൂട്ടിച്ചേർക്കലുകൾ വരുത്തുക, പാർക്കിംഗ് സ്ഥലങ്ങൾ കെട്ടി അടച്ച് കടമുറികളാക്കുക, കെട്ടിടത്തിന് ചുറ്റും നിയമാനുസൃതം ഒഴിച്ചിടേണ്ട തുറസ്സായ സ്ഥലങ്ങളിൽ നിർമ്മാണങ്ങൾ നടത്തുക എന്നിവയാണ് കൂടുതലായി കണ്ടുവരുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിയിലുള്ള സ്ഥലങ്ങളിൽ നിർമ്മിക്കുന്ന വാണിജ്യമോ വാസഗൃഹമോ എപ്രകാരമുള്ള കെട്ടിടങ്ങളുടേതായാലും അവയ്ക്ക് കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായി ഒഴിച്ചിടേണ്ട തുറസ്സായ സ്ഥലം മുൻകൂർ അനുമതിയില്ലാതെ അനധികൃതമായി

കെട്ടിയടച്ച് ഷെഡോ, മറ്റ് നിർമ്മാണങ്ങളോ നടത്തുന്നത് തദ്ദേശസ്ഥാപന സെക്രട്ടറിമാർ കർശനമായി വീക്ഷിക്കേണ്ടതാണെന്നും അത്തരം നിർമ്മാണങ്ങൾ തടയുന്നതിന് നടപടി സ്വീകരിക്കേണ്ടതാണെന്നും 20.06.2022-ലെ ആർ.ബി.3/178/2020-തസ്വഭവ നമ്പർ സർക്കുലറിലൂടെ സർക്കാർ നിഷ്ക്കർച്ചിട്ടുണ്ട്. എന്നാൽ സർക്കാർ നിർദ്ദേശം ഗൗരവത്തിലെടുത്തുള്ള യാതൊരു നടപടികളും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. വളരെയധികം വിനോദ സഞ്ചാരപ്രാധാന്യമുള്ള വാഗമൺ പ്രദേശത്തിന്റെ ഒരു ഭാഗം തീക്കോയി പഞ്ചായത്തിൽ ഉൾപ്പെടുന്നു. ഈ മേഖലയിലുള്ള റിസോർട്ടുകളോടനുബന്ധിച്ച് ധാരാളം അനധികൃത നിർമ്മാണങ്ങൾ നടന്നുവരുന്നുണ്ട്. (ഖണ്ഡിക 1-21, 1-22 കാണുക)

ഒക്യുപ്പൻസി അനുവദിച്ചതിന് ശേഷമുള്ള അനധികൃത നിർമ്മാണങ്ങൾ തടയുന്നതിനാണ് കേരള പഞ്ചായത്ത് രാജ് (കെട്ടിടനിർമ്മാണ) ചട്ടങ്ങൾ 2019, ചട്ടം 21-ൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തണമെന്ന് നിഷ്ക്കർഷിച്ചിട്ടുള്ളത്. രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50ച.മീ. വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, ആരാധനാ കെട്ടിടങ്ങൾ, ഗ്രൂപ്പ് ജി1, ജി2, ഐ. ഒക്യുപ്പൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണെന്നും ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് രണ്ട് വർഷത്തിന് ശേഷം ഏത് സമയത്തും പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുവാൻ സാധിക്കുന്നതാണെന്നും പ്രസ്തുത ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റുകൾ നടത്തുന്നില്ല. തൻമൂലം അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനും നിയമ നടപടികൾ സ്വീകരിക്കുന്നതിനും സാധിക്കാതെ വരുന്നു. പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റുകൾ നടത്തുന്നതിനും അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നിയമനടപടികൾ സ്വീകരിക്കുന്നതും കാര്യക്ഷമമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**<u>1-24 അനുമതിയില്ലാതെ ഭൂവികസനവും പ്ലോട്ട് തിരിച്ച് വിൽപ്പനയും - നടപടി സ്വീകരിക്കേണ്ടതാണ്</u>**

കെ പി ബി ആർ 2019 ചട്ടങ്ങൾ, ചട്ടം 4 പ്രകാരം ഏത് തരത്തിലുള്ള ഭൂമിയും വിഭജിച്ച് വികസിപ്പിക്കുന്നതിന് ഭൂഉടമസ്ഥർ അതാത് പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും അനുമതിപത്രം നേടിയിരിക്കണം. പഞ്ചായത്തിൽ പരിപാലിക്കുന്ന 2024-25 പെർമിറ്റ് രജിസ്റ്റർ , അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ പുരയിടങ്ങളുടെ പ്ലോട്ട് ഡിവിഷനുവേണ്ടി ലാൻഡ് ഡെവലപ്മെന്റ് പെർമിറ്റോ ലേ ഔട്ട് അപ്രൂവലോ അംഗീകരിച്ചു നല്കിയിട്ടുള്ളതായി കാണുന്നില്ല. എന്നാൽ പഞ്ചായത്ത് പരിധിയിൽ വ്യാപകമായി പുരയിടങ്ങൾ ഭൂവികസനം നടത്തി താമസ/വാണിജ്യ ആവശ്യങ്ങൾക്കായി പ്ലോട്ട് തിരിച്ച് വിൽപ്പന നടത്തി വരുന്നതായാണ് കാണുന്നത്. പഞ്ചായത്തിൽ നിന്നുമുള്ള അനുമതി കൂടാതെ ഭൂവികസനം നടത്തിയ പ്ലോട്ടുകൾ വാങ്ങുന്ന ആളുകൾ കെട്ടിട നിർമ്മാണ പെർമിറ്റിനായി അപേക്ഷിക്കുമ്പോൾ ലാൻഡ് ഡെവലപ്മെന്റ് പെർമിറ്റ്/ലെ ഔട്ട് അപ്രൂവൽ കൂടാതെ ഭൂവികസനം നടത്തിയ പുരയിടമായതിനാൽ പെർമിറ്റ് അപേക്ഷ നിരസിക്കപ്പെടുവാനും പിന്നീട് കോടതി വ്യവഹാരങ്ങളിലേക്കെത്തുന്നതിനുമുള്ള സാഹചര്യം നിലനിൽക്കുന്നു.

മേൽ ചട്ടങ്ങളിലെ ചട്ടം 31, സർക്കുലർ നം. LSGD-IB1/298/2022-LSGD/16.03.2024 എന്നിവ അനുസരിച്ച് പ്ലോട്ടുകളുടെ എണ്ണം 10 ൽ കൂടുതലും ഭൂമിയുടെ ആകെ വിസ്തീർണ്ണം 0.5 ഹെക്ടറിൽ താഴെ ആയിരിക്കുകയും ചെയ്താൽ സെക്രട്ടറിയുടെ ലാൻഡ് ഡെവലപ്മെന്റ് പെർമിറ്റ് മതിയാകുന്നതാണ്. പ്ലോട്ടുകളുടെ എണ്ണം 10 ൽ കുറവും ആകെ വിസ്തൃതി 0.5 ഹെക്ടറിൽ കുറവുമായ പുരയിടങ്ങളുടെ ഭൂവികസനത്തിനും പഞ്ചായത്ത് സെക്രട്ടറിയുടെ വികസനാനുമതി പത്രം നേടിയിരിക്കേണ്ടതാണ്. എന്നാൽ പ്ലോട്ടുകളുടെ എണ്ണം 20 ൽ കൂട്ടുകയോ അല്ലെങ്കിൽ ഭൂമിയുടെ വിസ്തൃതി 0.5 ഹെക്ടറിൽ കൂടുകയോ ചെയ്താൽ ലേ ഔട്ട് ബന്ധപ്പെട്ട ജില്ല ടൗൺ പ്ലാനർ അംഗീകരിക്കുകയും പഞ്ചായത്ത് സെക്രട്ടറിയുടെ ഭൂവികസനാനുമതി പത്രം നേടുകയും ചെയ്യേണ്ടതാണ്. റിയൽ എസ്റ്റേറ്റ് (റെഗുലേഷൻ & ഡെവലപ്മെന്റ്) ആക്ട് 2016, വകുപ്പ് 3 പ്രകാരം 500 ച.മീറ്ററിന് മുകളിൽ വിസ്തൃതിയുള്ള ഭൂമി പ്ലോട്ടുകളായി വിഭജനം നടത്തി വിൽക്കുന്നതിന് K-RERA (കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി) രജിസ്ട്രേഷൻ നിർബന്ധമാണ്. പഞ്ചായത്തിലെ ഏറ്റവും പ്രധാന റോഡായ ഈരാറ്റുപേട്ട - വാഗമൺ റോഡിനോട് ചേർന്ന് പലയിടങ്ങളിലായി ഭൂമി വിഭജിച്ച് വിൽപ്പന നടത്തി വരുന്നുണ്ട്. മേല്പറഞ്ഞ നിബന്ധനകളൊന്നും പാലിക്കാതെയാണ് പഞ്ചായത്ത് പരിധിയിൽ വ്യാപകമായി ഭൂവികസനവും ഭൂമി വിഭജിച്ച് വിൽപ്പനയും നടക്കുന്നത്. കെ - റെറ രജിസ്ട്രേഷൻ കൂടാതെ പ്ലോട്ടുകൾ വിൽക്കുകയോ/പരസ്യപ്പെടുത്തുകയോ ചെയ്താൽ 3 വർഷം വരെ തടവും പിഴയും ലഭിക്കാവുന്ന കുറ്റകൃത്യമാണ് . ബന്ധപ്പെട്ട അധികാരികളിൽ നിന്നുമുള്ള അനുമതി കൂടാതെ ഭൂവികസനം/പ്ലോട്ട് ഡിവിഷൻ നടത്തിയ ഭൂമിയിൽ പാർപ്പിടാവശ്യത്തിനായുള്ള നിർമാണാനുമതി നിഷേധിച്ചതിനെത്തുടർന്ന് സ്ഥലമുടമകളുമായി പഞ്ചായത്തിന് കോടതി വ്യവഹാരം നടത്തേണ്ട അവസ്ഥയാണ് നിലവിലുള്ളത്. ഇത് പഞ്ചായത്തിനും വ്യക്തികൾക്കും സാമ്പത്തിക നഷ്ടം വരുത്തി വയ്ക്കുന്നതാണ്.

പഞ്ചായത്ത് അധികാരികളിൽ നിന്നുമുള്ള അനുമതി കൂടാതെ പഞ്ചായത്ത് പരിധിയിലെ പുരയിടങ്ങളിൽ നടക്കുന്ന ഭൂവികസനവും പ്ലോട്ട് വിഭജിച്ച് വിൽപ്പനയും തടയുന്നതിനായി തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21/02.08.2025) മറുപടി ലഭ്യമാക്കിയില്ല. ഭൂവികസനത്തിനും ഭൂമി വിഭജിച്ച് വിൽപ്പന നടത്തുന്നതിലേക്കുമായി പാലിയ്ക്കേണ്ട നിബന്ധനകൾ സംബന്ധിച്ച് ഗ്രാമസഭ പോലുള്ള വേദികളിൽ ജനങ്ങൾക്ക് ബോധവൽക്കരണം നടത്തുന്നത് ഉചിതമായിരിക്കും.

## 1-25 സാക്ഷരതാ പ്രേരകിന് നൽകിയ ഹോണറേറിയത്തിന്റ 40% വിഹിതം സാക്ഷരതാ മിഷനിൽ നിന്ന് തിരികെ ഈടാക്കിയിട്ടില്ല.

സ.ഉ (സാധാ)നം.1131/2024/LSGD തീയ്യതി 25.06.2024 പ്രകാരം സാക്ഷരതാ പ്രേരക്മാരുടെ ഹോണറേറിയത്തിന്റ 60% തുക തദ്ദേശ സ്ഥാപനങ്ങളുടെ തനത് വരുമാനത്തിൽ നിന്നും 40% സാക്ഷരതാ മിഷന്റെ തനത് വരുമാനത്തിൽ നിന്നും പങ്കു വയ്ക്കാവുന്ന വ്യവസ്ഥ തുടരാവുന്നതാണെന്നും അത് പ്രകാരം ഏതെങ്കിലും തദ്ദേശ സ്വയം ഭരണ സ്ഥാപനം സാക്ഷരതാ മിഷൻ നൽകേണ്ട ഹോണറേറിയത്തിന്റെ 40% വിഹിതം അഡ്വാൻസ് ചെയ്തിട്ടുണ്ടെങ്കിൽ ആയത് സാക്ഷരതാ മിഷൻ

പ്രതി പൂരണം ചെയ്ത് നൽകേണ്ടതാണെന്നും ടി ഉത്തരവ് ഖണ്ഡിക 5 (സി) യിൽ പ്രതിപാദിയ്ക്കുന്നുണ്ട്. ഗ്രാമ പഞ്ചായത്തിലെ സാക്ഷരതാ പ്രേരക് ആയ ജോലി ചെയ്ത് വരുന്ന ശ്രീമതി രമണി എം.എ യ്ക്ക് 2024-25 സാമ്പത്തിക വർഷത്തിൽ എപ്രിൽ മുതൽ സെപ്തംബർ വരെയുള്ള മാസങ്ങളിലെ ഹോണറേറിയം ഇനത്തിൽ മുഴുവൻ തുകയും നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | മാസം | വൌച്ചർ നം/തീയ്യതി | ചെക്ക് നം./തീയ്യതി | ഹോണറേറിയം ഇനത്തിൽ നൽകിയ തുക | തിരികെ ഈടാക്കേണ്ട @ 40% തുക |
|---|---|---|---|---|---|
| 1 | എപ്രിൽ | 22400136/01.06.2024 | 309386/01.06.2024 | 12000/- | 4800/- |
| 2 | മെയ്യ് | 22400137/01.06.2024 | 309386/01.06.2024 | 12000/- | 4800/ |
| 3 | ജൂൺ | 22400203/01.07.2024 | 309408/01.07.2024 | 12000/- | 4800/ |
| 4 | ജൂലൈ | 22400257/01.08.2024 | 3051891/01.07.2024 | 12000/- | 4800/ |
| 5 | ആഗസ്റ്റ് | 22400333/02.09.2024 | 3051893/02.09.2024 | 12000/- | 4800/ |
| 6 | സെപ്തംബർ | 22400416/01.10.2024 | 188122/01.10.2024 | 12000/- | 4800/ |
| | | | | **ആകെ** | **28800/-** |

അഡ്വാൻസ് ആയി നൽകിയ 40% ഹോണറേറിയം വിഹിതം സാക്ഷരതാ മിഷനിൽ നിന്നും തിരികെ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.5/30.07.2025) ലഭ്യമാക്കിയ മറുപടിയിൽ അഡ്വാൻസ് ആയി നൽകിയ 40% ഹോണറേറിയം വിഹിതം സാക്ഷരതാ മിഷനിൽ നിന്നും തിരികെ ലഭിച്ചിട്ടില്ലായെന്നും തിരികെ ലഭിയ്ക്കുന്നതിനായി 07/07/2025-ൽ സാക്ഷരതാ മിഷന് കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. അഡ്വാൻസ് ആയി നൽകിയ 40% ഹോണറേറിയം വിഹിതം സാക്ഷരതാ മിഷനിൽ നിന്നും തിരികെ ഈടാക്കി വിവരം രേഖാമൂലം അറിയിയ്ക്കേണ്ടതാണ്.

## <u>1-26 കെ.എസ്.ഇ.ബി യിൽ നിക്ഷേപിച്ച തുകയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല</u>

ഗ്രാമ പഞ്ചായത്തിന്റ 2024-25 വർഷത്തെ തനത് ഫണ്ട് ചെലവുകൾ പരിശോധിച്ചതിൽ 8-ാം വാർഡിൽ മാവടി മുതൽ ഒറ്റവീട്ടി വരെയുള്ള ഭാഗങ്ങളിലെ സ്ടീറ്റ് ലൈറ്റുകളുടെ മീറ്റർ മാറ്റുന്നതിന് കെ.എസ്.ഇ.ബി, തീക്കോയിയിൽ തുക നിക്ഷേപിച്ചതായി കണ്ടു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വൗച്ചർ നം. തീയ്യതി | ചെക്ക് നം & തീയ്യതി | തുക |
|---|---|---|
| 22400295/09.08.2024 | 399073/09.08.2024 | 4288/- |

തുകയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.4/30.07.2025) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ വിവരങ്ങൾ ലഭ്യമാക്കുന്നതു വരെ 4288/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-27 ലൈഫ് ഭവനപദ്ധതി ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.**

ഗ്രാമ പഞ്ചായത്തിന്റെ ലൈഫ് ഭവന പദ്ധതിയുടെ രജിസ്റ്റർ, ഫയൽ എന്നിവ പരിശോധിച്ചതിൽ **2023-24, 2024-25** വർഷത്തിൽ ഭവന നിർമ്മാണത്തിനായി കരാറിലേർപ്പെട്ട താഴെപ്പറയുന്ന ഗുണഭോക്താക്കൾ അവരുടെ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ലാത്തതായി കണ്ടു.വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ.നം. | ഗുണഭോക്താവിന്റെ പേര്/വിലാസം | വിഭാഗം | കരാർ വെച്ച തീയ്യതി | നിലവിലെ സ്ഥിതി | കൈപ്പറ്റിയ തുക |
|---|---|---|---|---|---|
| 1 | പി.കെ വിജയൻ<br>പുളിയ്ക്കൽ വീട്<br>തീക്കോയി<br>വാർഡ്-3 | ജനറൽ | **31.12.2024** | **തറ നിർമ്മാണം പൂർത്തീയാക്കി** | **200000/-** |
| 2 | സിബിച്ചൻ തോമസ്<br>പുളിയ്ക്കൽ വീട്<br>വാഗമൺ<br>വാർഡ്-2 | ജനറൽ | **02.02.2024** | **ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല** | **40000/-** |
| 3 | ഗോപാലൻ<br>കേശവൻ<br>ചോക്കാട്ട്<br>വേലത്തുശ്ശേരി<br>പി.ഓ<br>വാർഡ്-9 | ജനറൽ | **07.03.2024** | **തറ നിർമ്മാണം പൂർത്തീയാക്കി** | **200000/-** |

മേൽ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് ആവശ്യമായ തുടർനടപടികൾ പഞ്ചായത്ത് തലത്തിൽ സ്വീകരിക്കേണ്ടതും വിവരം രേഖാമൂലം അറിയിയ്ക്കേണ്ടതുമാണ്.

**1-28 ഹഡ്കോ ലോൺ അക്കൗണ്ടിൽ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാതെ തുക അവശേഷിക്കുന്നു.**

ലൈഫ് ഭവന പദ്ധതി ഹഡ്കോ ലോണിനായിയുള്ള സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ തീക്കോയി ശാഖയിലെ അക്കൗണ്ടിൽ (നം.40864380653) 31.03.2025 തീയ്യതിയിൽ 7,59,246/-രൂപ നീക്കിയിരുപ്പുണ്ട്. വായ്പയെടുത്ത തുക ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ ദീർഘകാലം സൂക്ഷിക്കുന്ന നടപടി ക്രമപ്രകാരമല്ല. വായ്പ തുക അർഹരായ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വായ്പയെടുത്ത് തുക ദീർഘകാലം ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്ന നടപടി ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

**1-29 ഹോമിയോ മരുന്നുകൾ ഡിസ്പൻസറിക്ക് ലഭ്യമായിട്ടില്ല**

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നം. | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ (S0023/25) |
| അടങ്കൽ തുക , ഫണ്ടിനം | 3 ലക്ഷം, സംരക്ഷണ ഗ്രാന്റ് (റോഡിതരം) |
| ചെലവ് | 3 ലക്ഷം, ബിൽ നം.359/20-12-2024 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (ഹോമിയോ) |

ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങുന്നതിന് ആവിഷ്ക്കരിച്ച പ്രസ്തുത പ്രോജക്ട് പ്രകാരം 3 ലക്ഷം രൂപ ഹോംകോയ്ക്ക് കൈമാറിയിട്ടുണ്ട്. (09-12-2024 ലെ PF-817 നം. പെർഫോമ ഇൻവോയ്സ്). എന്നാൽ 54869/- രൂപയുടെ മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല. മരുന്നുകൾ ഡിസ്പെൻസറിയിൽ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് ഇൻവോയ്സിന്റെ പകർപ്പ് സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമായതിന്റ വിവരം ഓഡിറ്റിൽ അറിയിക്കുന്നതുവരെ 54869/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-30 അങ്കണവാടി കേന്ദ്ര വിഹിതം - 1248971/- രൂപ നിഷ്ക്രിയമായി തുടരുന്നു**

ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | എണ്ണം |
|---|---|
| ആകെ അങ്കണവാടികളുടെ എണ്ണം | 14 |

| | |
|---|---|
| സ്വന്തമായി കെട്ടിടം ഇല്ലാത്തവ | 2 (C-110, C-143) |
| ചുറ്റുമതിൽ ഇല്ലാത്തവ | 2 (C-100, C-109) |

വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 അനുസരിച്ച് ഐ.സി.ഡി.എസ്സിനു കീഴിലുള്ള പദ്ധതികൾക്കായുള്ള കേന്ദ്ര വിഹിതം 1248971/- രൂപ ചെലവഴിക്കാൻ ബാക്കിയുണ്ട്. നിലവിൽ കെട്ടിടമില്ലാത്ത രണ്ട് അങ്കണവാടികളും വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. ഈ അങ്കണവാടികൾക്ക് സ്ഥലം ലഭ്യമായിട്ടുണ്ടെങ്കിലും കെട്ടിടം പണിയുന്നതിനായി തുടർനടപടികൾ ഉണ്ടായതായി കാണുന്നില്ല. സർക്കുലർ നമ്പർ 39033/ഡി.സി.2 /2010/ത.സ്വ.ഭ.വ തിയതി 3-9-2010 ൽ പൂരക പോഷകാഹാര പരിപാടിക്കായി ലഭ്യമാക്കുന്ന കേന്ദ്രസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശമുണ്ട്. ഐ.സി.ഡി.എസ്സിനു കീഴിലുള്ള പദ്ധതികൾക്കായുള്ള കേന്ദ്ര വിഹിതം പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലാണ് സൂക്ഷിക്കുന്നത്. ആയതിനാൽ ഇത് വകമാറ്റി ചെലവഴിക്കപ്പെടാൻ സാദ്ധ്യതയുണ്ട്. ചെലവഴിക്കാൻ ബാക്കിയുള്ള കേന്ദ്രവിഹിതം വിനിയോഗിച്ച് പഞ്ചായത്ത് പരിധിയിലെ പട്ടികയിൽ സൂചിപ്പിച്ച അങ്കണവാടികളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-31 നിക്ഷേപ പ്രവൃത്തിയുടെ പൂർത്തീകരണ/ വിനിയോഗവിവരം ലഭ്യമല്ല

(1) തീക്കോയി ഗ്രാമ പഞ്ചായത്തിൽ **2024-25**വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ ചേർക്കുന്ന നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണ/ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല,

| പ്രോജക്ട് നം/ പേര് | നിക്ഷേപിച്ച തുക (രൂപ) | ബിൽ നം./തീയതി | ഫണ്ടിനം | നിർവ്വഹണ ഏജൻസി | റിമാർക്സ് |
|---|---|---|---|---|---|
| S0260/25,മാർമല വിനോദസഞ്ചാര കേന്ദ്രം വൈദ്യൂതികരണം ലൈൻ വലിക്കൽ | 44317 | 356/19.12.24 | തനത് ഫണ്ട് | KSEB, തീക്കോയി സെക്ഷൻ | നിർവ്വഹണ ഏജൻസിയുമായി കരാർ ചമച്ചിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| S0134/25,ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ കുടിവെള്ള സൗകര്യം ഏർപ്പെടുത്തൽ | 460,000 | 565/30.3.25 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ഭൂജലവകുപ്പ് | നിർവ്വഹണ ഏജൻസിയുമായി കരാർ ചമച്ചിട്ടില്ല |
| ആകെ | 504317 | | | | |

മേൽ പ്രവ്യത്തികളുടെ പൂർത്തീകരണ/വിനിയോഗവിവരം ഓഡിറ്റിൽ ലഭ്യമാക്കണ്ടതാണന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.08/31.07.25) മറുപടി ലഭ്യമാക്കിയില്ല. മേൽ പരാമർശിച്ച നിക്ഷേപ പ്രവ്യത്തികൾ പൂർത്തീകരിച്ച് നിർവ്വഹണ ഏജൻസികളിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം വാങ്ങി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ചെലവഴിച്ച 504317/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(2) മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന നിക്ഷേപ പ്രവ്യത്തികളുടെവിനിയോഗ വിവരം ലഭ്യമായിട്ടില്ല. വിശദാംശം ചുവടെ

| പ്രോജക്ട് നം/ പേര് | നിക്ഷേപിച്ച തുക (രൂപ) | ബിൽ നം./തീയതി | ഫണ്ടിനം | നിർവ്വഹണ ഏജൻസി |
|---|---|---|---|---|
| S0164/25, ആർദ്രം പ്രാഥമികാരോഗ്യകേന്ദ്രം കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തൽ | 110000/- | 27/16.05.2024 | വികസന ഫണ്ട്(ജനറൽ) | ജില്ലാ ആരോഗ്യ കേരളം വെൽഫയർ സൊസൈറ്റി |
| S0268/25, ആർദ്രം പ്രാഥമികാരോഗ്യകേന്ദ്രം കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തൽ കെട്ടിട നിർമ്മാണം | 423686 | 203/22.01.25-100000<br>291/12.03.25-198686<br>311/17.03.25-125000/- | വികസന ഫണ്ട്(ജനറൽ) ധനകാര്യകമ്മീഷൻ ഗ്രാന്റ് | ഭൂജലവകുപ്പ് |
| ആകെ | 533686/- | | | |

മേൽ പ്രവ്യത്തികൾ പൂർത്തീകരിച്ച് നിർവ്വഹണ ഏജൻസിയുടെ ജില്ലാ ആരരോഗ്യകേരളം വെൽഫയർ സൊസൈറ്റിയിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ 533686/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-32 കാലിബാരലുകളുടെ വിലയും ജി.എസ്.ടിയും തനത് ഫണ്ട് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിരിക്കുന്നു

തീക്കോയി ഗ്രാമ പഞ്ചായത്തിൽ 2024-25 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ താഴെ ചേർക്കുന്ന റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കാലി ബാരലുകളുടെ വിലയും ജി.എസ്.റ്റിയും ഉൽപ്പടെയുള്ള തുകകൾ ഈടാക്കി സെക്രട്ടറിയുടെ പേരിലുള്ള തനത് ഫണ്ട് അക്കൗണ്ടിലേയ്ക്ക് (A/C No.799013000000126) ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

| ക്രമനം. | പ്രോജക്ട് നം, പേര് | ബാരൽ വില, ജി.എസ്.റ്റി | ക്രഡിറ്റ് ചെയ്ത തീയതി | ഫണ്ടിനം |
|---|---|---|---|---|
| 1 | തീക്കോയി കല്ലേക്കുളം സ്കൂൾ റോഡ് മെയിന്റനൻസ് S0261/25 | 4496 | 25.3.25 | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) |
| 2 | തീക്കോയി ചേരിമല റോഡ് റീടാറിങ് S0086/25 | 4496 | 25.3.25 | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) |
| 3 | വെട്ടിപ്പറമ്പ് കോന്തനാനി റോഡ് റീടാറിംഗ് ഐറിഷ് ഡ്രെയിൻ S0189/25 | 1967 | 5.3.25 | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) |
| | | | | |

കാലി ബാരലുകളുടെ വിലയും ജി.എസ്.റ്റിയും സർക്കാരിലേയ്ക്ക് ഒടുക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് (നം.15/1.8.25)മറുപടി ഹാജരാക്കിയില്ല. മേൽ

പരാമർശിച്ച പ്രവൃത്തികളുടെ കാലിബാരലിന്റെ വിലയും, ജി.എസ്.ടി യും നിശ്ചിത ശീർഷകങ്ങളിൽ സർക്കാരിലേയ്ക്ക്/വകുപ്പിലേക്ക് അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-33 ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ബാരൽ വില കുറവ് ചെയ്തിട്ടില്ല**

2024-25 വർഷം ഗ്രാമപഞ്ചായത്തിൽ മെയിന്റനൻസ് ഗ്രാന്റ്(റോഡ്)ഉപയോഗിച്ച് നടത്തിയിട്ടുള്ള വിവിധ ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ബാരൽ വില കുറവ് ചെയ്തിട്ടില്ല. അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15/01.08.5) മറുപടി ലഭ്യമാക്കിയില്ല. വിവധ ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവട ചേർക്കുന്നു.

| പ്രോജക്ട് നം./പേര് | കോൺട്രാക്ടറുടെ പേര് | ആകെ ബിൽ തുക,ബിൽ നം./തീയതി |
|---|---|---|
| വെട്ടിപ്പറമ്പ് മാട്ടയിൽ കട റോഡ് റീടാറിംഗ് ,151/25 | ജോമി മാത്യു, പ്ലാത്തോട്ടത്തിൽ ,പൂഞ്ഞാർ | 163384/- 203/9.5.24 |
| ചാത്തപ്പുഴ മംഗളഗിരി റോഡ് റീടാറിംഗും, ഐറിഷ് ഡ്രെയിൻ200/25 | ജോമി മാത്യു, പ്ലാത്തോട്ടത്തിൽ ,പൂഞ്ഞാർ | 303973/- 242/11.7.24 |
| വെള്ളിക്കുളം കാരികാട്റോഡ് റീടാറിംഗ് ഐറിഷ് ഡ്രെയിൻ 181/25 | ടി.എ).സുലൈമാൻ, തെക്കേമുറഞ്ഞൂർ, കളത്തൂക്കടവ് | 792365/- 322/16.11.24 |
| ഞണ്ടുക്കല്ല് മക്കൊള്ളി റോഡ് റീടാറിംഗ് 152/25 | ടി.എ).സുലൈമാൻ, തെക്കേമുറഞ്ഞൂർ, കളത്തൂക്കടവ് | 416000/- 201/9.5.24 |

| | | |
|---|---|---|
| തീക്കോയി ചേരിമല റോഡ് റീ ടാറിംഗ് ഐറിഷ് ഡ്രെയിൻ 150/25 | ടി.എ.സുലൈമാൻ, തെക്കേമുറഞ്ഞൂർ, കളത്തൂക്കടവ് | 400099/- 200/9.5.24 |
| തീക്കോയി പള്ളിവാതിൽ കൊട്ടാരത്തുപ്പാറ മരവിക്കല്ല് റോഡ് റീടാറിംഗ്, റീ കോൺക്രീറ്റിംഗ്, ഐറിഷ് ഡ്രെയിൻ202/25 | ടി.എ.സുലൈമാൻ, തെക്കേമുറഞ്ഞൂർ, കളത്തൂക്കടവ് | 460979/- 287/17.10.24 |
| തീക്കോയി മ്ലാക്കുഴി റോഡ് റീ ടാറിംഗ് ഐറിഷ് ഡ്രെയിൻ | ടി.എ.സുലൈമാൻ, തെക്കേമുറഞ്ഞൂർ, കളത്തൂക്കടവ് | 418957/- 288/17.10.24 |
| തീക്കോയി വട്ടമറ്റം കുളത്തുങ്കൽ റോഡ് റീ ടാറിംഗ് 182/25 | ജോമി മാത്യു, പ്ലാത്തോട്ടത്തിൽ ,പൂഞ്ഞാർ | 200000/- 245/12.7.24 |
| ഒറ്റയീട്ടി കട്ടപ്പാറ റോഡ് റീടാറിംഗ് റീ കോൺക്രീറ്റിംഗ് ഐറിഷ് ഡ്രെയിൻ147/25 | ജോമി മാത്യു, പ്ലാത്തോട്ടത്തിൽ ,പൂഞ്ഞാർ | 558972/- 206/9.5.24 |
| ഒറ്റയീട്ടി തുമ്പശ്ശേരി | ജോമി മാത്യു, പ്ലാത്തോട്ടത്തിൽ | 300000/- 204/9.5.24 |

| | | |
|---|---|---|
| ഐറിഷ്ഡ്രെയിൻ റീടാറിംഗ് ,റീകോൺക്രീറ്റിംഗ് | ,പൂഞ്ഞാർ | |
| വാർഡ്8, വാർഡ് 7 വഴിക്കടവ് നാടുനോക്കി മലമേൽ മാടത്താനി റോഡ് റീ കോൺക്രീറ്റിംഗ് ,ഐറിഷ് ഡ്രെയിൻ,റീ ടാറിംഗ്197/25 | ടി.എ).സുലൈമാൻ, തെക്കേമുറഞ്ഞൂർ, കളത്തൂക്കടവ് | 751549/- 323/16.11.24 |
| വാർഡ്8, വാർഡ്7 വഴിക്കടവ് നാടുനോക്കി മലമേൽ മാടത്താനി റോഡ് റീ കോൺക്രീറ്റിംഗ്, ഐറിഷ് ഡ്രെയിൻ, റീ ടാറിംഗ്185/25 | ടി.എ).സുലൈമാൻ, തെക്കേമുറഞ്ഞൂർ, കളത്തൂക്കടവ് | 325412/- 290/17.10.24 |
| | | |

തൻവർഷം നടപ്പിലാക്കിയ എല്ലാ ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളുടെയും എം ബുക്ക് പരിശോധിച്ച് ഉപയോഗിച്ച ബാരലിന്റെ എണ്ണം തിട്ടപ്പെടുത്തി ബാരൽ വില കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അപാകത പരിഹരിച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## <u>1-34 ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുണ്ടെങ്കിലും ഫണ്ട് സമാഹരിക്കുന്നില്ല</u>

തീക്കോയി ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസനിധി രൂപീകരിച്ച് ഫെഡറൽ ബാങ്കിൽ 24/02/2022ൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്, (അക്കൗണ്ട് നം. 13200100081539) പ്രസ്തുത അക്കൗണ്ടിൽ 31/03/2025ൽ 4735/- രൂപയാണ്

നീക്കിയിരിപ്പുള്ളത്. ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുണ്ടെങ്കിലും ഫണ്ട് സ്വരൂപിക്കാത്തതിനാൽ നിലവിൽ 4 അപേക്ഷകർക്ക് തുകയൊന്നും നൽകാതെ അപേക്ഷകൾ പാർക്ക് ചെയ്തിരിക്കുകയാണ്. ചികിത്സാധനസഹായം ആവശ്യപ്പെട്ടു കൊണ്ടു ലഭ്യമായ അപേക്ഷകളാണ് ഇപ്രകാരം കെട്ടികിടക്കുന്നത്. അർഹരായവർക്ക് അടിയന്തിര ധനസഹായം നൽകുന്നതിനാണ് ദുരിതാശ്വാസനിധി രൂപീകരിയ്ക്കാൻ സർക്കാർ 2003ലെ (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും ചട്ടങ്ങൾ) പുറപ്പെടുവിച്ചിട്ടുള്ളത്. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം3(2) പ്രകാരം ധനശേഖരണാർത്ഥമുള്ള കലാ-കായിക വിനോദ പരിപാടികൾ സംഘടിപ്പിച്ചും വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസനിധി സ്വരൂപിക്കാവുന്നതാണ്. ഈ വിഷയത്തിലേയ്ക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-35 സ്കോളർഷിപ്പ് വിതരണം- ഭിന്നശേഷിക്കാരുടെ ഡാറ്റാ രജിസ്റ്റർ തയ്യാറാക്കിയില്ല

പഞ്ചായത്തിലെ ഭിന്ന ശേഷിക്കാരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് വിതരണത്തിനായി രണ്ട് പ്രോജക്ടുകൾ (നം. 64/25,220/25) നടപ്പാക്കിയിട്ടുണ്ട് . ഇതിന്റെ ഭാഗമായി പഞ്ചായത്തു പരിധിയിലുള്ള മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന 37 വിദ്യാർഥികൾക്കായി ഒരു വർഷത്തേക്ക് അർഹമായ വിദ്യാഭ്യാസ സ്കോളർഷിപ്പ് ഇനത്തിൽ 855300+49500=904800/-രൂപ അനുവദിച്ചിട്ടുണ്ട്. വികസന ഫണ്ട് 570300+49500=619800/- രൂപയും, ബ്ളോക്ക് പഞ്ചായത്തു വിഹിതം 150000/- രൂപയും, ജില്ലാ പഞ്ചായത്തു വിഹിതം 135000/- രൂപയും ചെലവഴിച്ചാണ് രണ്ട് പദ്ധതികളായി സ്കോളർഷിപ്പ് അനുവദിച്ചത്. ആനുകൂല്യം കൈപ്പറ്റിയിട്ടുള്ള ഗുണഭോക്താക്കളുടെ അപേക്ഷ പരിശോധിച്ചതിൽ പല അപേക്ഷകളിലും യു.ഡി.ഐ.ഡി. കാർഡ് ഇല്ല. പഞ്ചായത്തിൽ ഭിന്നശേഷി വിഭാഗക്കാരുടെ വാർഡ് തലത്തിലുള്ള സർവ്വേ പൂർത്തിയാക്കി ആയതിലെ വിവരം ക്രോഡീകരിച്ച് ഭരണസമിതി പരിശോധിച്ച് രജിസ്റ്ററായി സൂക്ഷിച്ചിട്ടില്ല. വാർഷിക പദ്ധതി മാർഗ്ഗരേഖയിൽ ഭിന്നശേഷിക്കാരായ കുട്ടികളുടെ ഒരു ഡാറ്റാ ബേസ് ഗ്രാമപഞ്ചായത്ത് തലത്തിൽ തയ്യാറാക്കാനും കാലാകാലങ്ങളിൽ സാമൂഹ്യനീതി വകുപ്പിന്റെ സഹകരണത്തോടെ കാലികമായി സൂക്ഷിക്കാനും നിർദ്ദേശമുള്ളതാണ്. 17.08.16ലെ 2465/2016/തസ്വഭവ നമ്പർ ഉത്തരവിലും ഭിന്നശേഷിക്കാരായ എല്ലാ വ്യക്തികളുടേയും വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്റർ സൂക്ഷിക്കാൻ നിർദ്ദേശിച്ചിട്ടുള്ളതാണ്. 2016 ലെ ഭിന്നശേഷി അവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയൊട്ടാകെ ഭിന്നശേഷിക്കാർക്ക് ഏകീകൃത ഐഡന്റിറ്റി കാർഡ് എന്ന നിലയിലാണ് UDID കാർഡ് ഏർപ്പെടുത്തിയിട്ടുള്ളത്. ഇത് സർക്കാർ ആനുകൂല്യത്തിനുള്ള ആധികാരിക രേഖയാക്കി കേന്ദ്ര സർക്കാരും കേരളത്തിൽ സാമൂഹ്യ നീതി വകുപ്പും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സാമൂഹ്യ നീതി വകുപ്പിന്റെ സഹായത്തോടെ മുഴുവൻ ഗുണഭോക്താക്കൾക്കും UDID കാർഡ് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-36 ജൽജീവൻ മിഷൻ - അവലോകനം

ഗ്രാമീണ മേഖലയിലെ എല്ലാ വീടുകൾക്കും ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കാനായി കേന്ദ്ര-സംസ്ഥാന

സർക്കാരുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ജൽ ജീവൻ മിഷൻ . തീക്കോയി ഗ്രാമ പഞ്ചായത്തിൽ 13 വാർഡുകളിൽ വെള്ളികുളം, കാരിക്കാട്, ഒറ്റയീട്ടി, മലമേൽ, തീക്കോയി എസ്റ്റേറ്റ് എന്നിവയൊഴികെയുള്ള വാർഡുകളിൽ ജലനിധി പദ്ധതി പ്രകാരം പൈപ്പ് ലൈൻ സ്ഥാപിച്ച് കുടിവെള്ള വിതരണം കാര്യക്ഷമമായി നടന്നു വരികയാണ്. പെപ്പ് ലൈൻ വഴി വെള്ളമെത്താത്ത മേല്പറഞ്ഞ 5 വാർഡുകളിൽ ജൽജീവൻ മിഷൻ പദ്ധതിയിൽപ്പെടുത്തി കുടിവെള്ള വിതരണം നടപ്പിലാക്കുന്നതിലേയ്ക്കായി പഞ്ചായത്ത് കമ്മിറ്റിയുടെ 05.04.2022 തീയതിയിലെ 2(2) നമ്പർ തീരുമാനപ്രകാരം കുടിവെള്ള സ്രോതസ്സുകൾ കണ്ടെത്തുന്നതിലേയ്ക്കായി വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരും ഗ്രാമപഞ്ചായത്ത് പ്രതിനിധികളും സംയുക്ത പരിശോധന നടത്തി 97.95 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി 2892 ഗാർഹിക കണക്ഷനുകൾ നൽകാൻ തീരുമാനിച്ചിരുന്നു. എന്നാൽ തനത് ഫണ്ട് വരുമാനം താരതമ്യേന കുറവായതിനാൽ സ്ഥാപനവിഹിതമോ ഗുണഭോക്തൃവിഹിതമോ കൈമാറുന്നതിന് നാളിതുവരെ ഗ്രാമപഞ്ചായത്ത് പ്രോജക്ട് തയ്യാറാക്കിയിട്ടില്ല. ഗുണഭോക്താക്കൾ സാമ്പത്തികമായി പിന്നോക്കാവസ്ഥയിൽ ഉള്ളവരായതിനാൽ പദ്ധതി നടത്തിപ്പിനായി അധിക ധനസഹായം ലഭിയ്ക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്.എം എൽ എ ഫണ്ടിൽ നിന്നും ജൽജീവൻ മിഷനായി തുക അനുവദിച്ചിട്ടില്ലാത്തതാണെന്നും പഞ്ചായത്ത് അറിയിച്ചു.

ഗ്രാമ പഞ്ചായത്തിൽ ജൽജീവൻ മിഷൻ പദ്ധതിയ്ക്കായി ആവശ്യമായ സ്ഥലം 11 വ്യക്തികൾ സൗജന്യമായി നൽകാമെന്ന് സമ്മതിച്ച് പഞ്ചായത്ത് സെക്രട്ടറിയുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതും ഒരു വ്യക്തിയിൽ നിന്ന് സ്ഥലം വിലയ്ക്ക് വാങ്ങിയിട്ടുള്ളതുമാണ്.വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പേര്, മേൽ വിലാസം | സ്ഥലത്തിന്റെ വിസ്തീർണ്ണം | എഗ്രിമെന്റ് തീയതി |
|---|---|---|---|
| 1 | സോമൻ പീ.ജീ, പൊട്ടൻ പ്ലാക്കൽ | 5 സെന്റ് | 31.03.2023 |
| 2 | ഡോ.ജേക്കബ് മത്തായി, വയലിൽ കളപ്പുര | 5 സെന്റ് | 31.03.2023 |
| 3 | ഡി.രാജപ്പൻ, ഒഴാങ്കൽ | 5 സെന്റ് | 02.08.2023 |
| 4 | കെ.വി ജോർജ്ജ് കുന്നത്ത് | 5 സെന്റ് | 16.06.2023 |

| | | | |
|---|---|---|---|
| 5 | ജോർജ്ജ് കെ.എ), കുന്നക്കാട്ട് | 5 സെന്റ് | 31.03.2023 |
| 6 | സവിത മനോജ്, കീന്തനാനിക്കൽ | 4 സെന്റ് | 31.03.2023 |
| 7 | സേവ്യർ ജോസഫ്, മുളഞ്ഞാശ്ശേരിൽ | 8 സെന്റ് | 31.03.2023 |
| 8 | വർക്കി ജോസഫ്, കടപ്ലാക്കൽ | 3 സെന്റ് | 02.08.2023 |
| 9 | മദർ സുപ്പീരിയർ, കർമ്മലേറ്റ് കോൺവെന്റ്, വെള്ളികുളം | 3 സെന്റ് | 31.03.2023 |
| 10 | ബിസി റ്റി.ആർ, തുണ്ടിയിൽ | 3 സെന്റ് | 02.08.2023 |
| 11 | ആന്റണി റ്റി.എം, താഴത്ത് വീട്ടിൽ | 3 സെന്റ് | 31.03.2023 |

മേൽ സ്ഥലങ്ങൾ സൗജന്യമായി ലഭിച്ചതിനു പുറമേ പ്രോജക്ട് നം. 167/24 “ജലജീവൻ മിഷൻ പദ്ധതി സ്ഥലം വാങ്ങൽ” എന്ന പദ്ധതിയിലൂടെ ശ്രീ.മാത്യു കൊച്ചു കരോട്ട്, കളത്തൂക്കടവ് എന്ന വ്യക്തിയിൽ നിന്നും എട്ട് സെന്റ് സ്ഥലം 384000/-രൂപയ്ക്ക് വാങ്ങി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലാക്കിയിട്ടുള്ളതാണ്. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, തീക്കോയി ശാഖയിൽ ജൽജീവൻ മിഷന് വേണ്ടിയുള്ള അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ 40020034652) 31.03.2024 തീയതിയിൽ 2,37,667/- രൂപ നീക്കിയിരുപ്പുണ്ട്. അക്കൗണ്ട് എന്ന് ആരംഭിച്ചു തുക എവിടെ നിന്ന് ലഭിച്ചു തുടങ്ങിയ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പദ്ധതിയുടെ തുടർനടപടികൾക്കായി പ്രോജക്ടുകൾ ആവിഷ്ക്കരിച്ച് സുസ്ഥിരമായ കുടിവെള്ള ലഭ്യത ഉറപ്പാക്കുക എന്ന പദ്ധതി ലക്ഷ്യം ഗ്രാമപഞ്ചായത്ത് തലത്തിൽ സാദ്ധ്യമാക്കുന്നതിനുള്ള എല്ലാ ശ്രമങ്ങളും ഉണ്ടാവേണ്ടതാണ്.

## 1-37 ഹെൽത്ത് ഗ്രാന്റ് വിനിയോഗം - അവലോകനം

പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായാണ് പതിനഞ്ചാം ധനകാര്യ കമ്മീഷൻ 2021-22 മുതൽ 2025-26 വരെ ആരോഗ്യ ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നിനും പൊതുജനങ്ങൾക്ക് മികച്ച സേവനം നൽകുന്നതിനുമുള്ള ശ്രമങ്ങൾ നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി കേരളമൊട്ടാകെ നടന്നുവരികയായതിനാൽ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി ആർദ്രം മിഷനിലൂടെ ആരോഗ്യ ഗ്രാന്റ് ഉപയോഗപ്പെടുത്തുക എന്ന സമീപനമാണ് കേരളത്തിൽ സ്വീകരിച്ചിട്ടുള്ളത്. ആരോഗ്യ ഗ്രാന്റിന്റെ നോഡൽ മന്ത്രാലയമായ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയാണ് കർമ്മപദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ആരോഗ്യ ഗ്രാന്റ് വിനിയോഗത്തിനാധാരമായിട്ടുള്ള സർക്കാർ ഉത്തരവുകളും സർക്കുലറുകളും ചുവടെ ചേർക്കുന്നു .

| ക്രമ നമ്പർ | മാർഗരേഖയുടെ നമ്പർ, തീയതി |
|---|---|
| 1 | G.O(Rt) No. 2132/2022/LSGD Dated 31.08.2022 |
| 2 | G.O(Rt) No. 2156/2022/LSGD Dated 01.09.2022 |
| 3 | G.O(Rt) No. 3157/2022/LSGD Dated 21.12.2022 (Urban Local Bodies) |
| 4 | G.O(Rt) No. 1078/2022/LSGD Dated 20.05.2023 (Urban Local Bodies) |
| 5 | Circular No. FM3/138/2023/LSGD Dated 23.05.2023 |
| 6 | G.O(Rt) No. 1625/2023/LSGD Dated 09.08.2023 |

കുടുംബാരോഗ്യകേന്ദ്രത്തിലും സബ്സെന്ററുകളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, ആരോഗ്യ സ്ഥാപനങ്ങൾ മുഖേന ഹെൽത്ത് & വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനും കെട്ടിടമില്ലാത്ത കുടുംബാരോഗ്യ/ഉപകേന്ദ്രങ്ങൾക്ക് കെട്ടിട നിർമ്മാണത്തിനുമായി ഹെൽത്ത് ഗ്രാന്റ് ഉപയോഗിക്കേണ്ടതാണ്. ഇത് ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള വിവിധ സ്കീമുകൾ വഴിയാണ് നടപ്പാക്കേണ്ടത്. സ്കീമുകൾ താഴെ നൽകുന്നു.

<u>സ്കീം-1 കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കാൻ സഹായം</u>

കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി കെട്ടിടം നിർമ്മിക്കാൻ ധനസഹായം നൽകുന്നു. കേന്ദ്ര ആരോഗ്യ കുടുംബ ക്ഷേമ മന്ത്രാലയം 31.08.2021 ന് പുറപ്പെടുവിച്ച സാങ്കേതിക മാർഗ്ഗരേഖയുടെ അനുബന്ധം-3.3 പ്രകാരമുള്ള ലേ-ഔട്ട് പ്ലാൻ കെട്ടിട നിർമ്മാണ മാത്യക പ്രകാരമാണ് കെട്ടിടങ്ങൾ നിർമ്മിക്കേണ്ടത്.

സ്കീം-2 ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം

ബ്ലോക്ക് കുടുബാരോഗ്യങ്ങൾക്ക് വിവിധ പ്രവർത്തനങ്ങൽക്ക് സഹായം നൽകൽ

സ്കീം-3 ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ

പ്രാഥമികാരോഗ്യ പരിരക്ഷ നൽകുന്ന എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുകയാണ് ഈ സ്കീമിന്റെ ലക്ഷ്യം. ഉപകേന്ദ്രങ്ങളിൽ രോഗനിർണ്ണയം സൗകര്യങ്ങൾ ഏർപ്പെടുത്തൽ, കുടുബാരോഗ്യ കേന്ദ്രങ്ങളിലും പ്രാഥമികാരോഗ്യ പരിരക്ഷ നൽകുന്നന മറ്റ് ആരോഗ്യ സാഥാപനങ്ങളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ എന്നീ രണ്ട് ഘടകങ്ങളിലായി പ്രവർത്തനം നടത്തുന്നു.

സ്കീം-4 ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് അൻഡ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ.

ഗ്രാമപ്രദേശങ്ങളിൽ ആരോഗ്യ വർദ്ധക സേവനങ്ങൾ, ആരോഗ്യകരമായ ഭക്ഷണശീലം, വ്യായാമം, ശുചിത്വം മുതലായവ പ്രോത്സാഹിപ്പിക്കൽ, രോഗ പ്രതിരോധ പ്രവർത്തനങ്ങൾ, അസുഖങ്ങൾ പ്രാരംഭ ഘട്ടത്തിൽ തന്നെ കണ്ടുപിടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, ദീർഘകാല രോഗികൾക്ക് മാനസിക സാമൂഹ്യ പിന്തുണ നൽകൽ, പാലിയേറ്റീവ് പ്രവർത്തനങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്നു.

സ്കീം-5 നഗരപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.

ഉപകരണങ്ങൾ വാങ്ങുന്നതിനും കേരളാ മെഡിക്കൽ കോർപ്പറേഷനിൽ പരിശീലനവും ഉൾപ്പെടുന്നു.

സ്കീം- 6 അർബൻ ഹെൽത്ത് & വെൽനസ് കേന്ദ്രങ്ങൾ.

അർബൻ ഹെൽത്ത് & വെൽനസ് കേന്ദ്രങ്ങൾ, അർബൻ പോളിക്ലിനിക്കുകൾ സാഥാപിക്കൽ എന്നീ രണ്ട് ഘടകങ്ങൾ ഉൾപ്പെടുന്നു.

**ഫണ്ട് വിശകലനം**

തീക്കോയി ഗ്രാമപഞ്ചായത്തിൽ 2021-22 മുതൽ 2024-25 വരെ ലഭ്യമായ വിവിധയിനം ഹെൽത്ത് ഗ്രാന്റ് വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ | സ്കീം | 21-22 | 22-23 | 23-24 | 24-25 |
|---|---|---|---|---|---|

| നം | | | | | |
|---|---|---|---|---|---|
| 1 | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രച്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റി 1.സബ് സെന്ററേഴ്സ് | 0 | 200808 | 617000 | 258000 |
| 4. | കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി ആന്റ് സബ്സെന്ററെഴ്സ് ഇൻ ടു ഹെൽത്ത് ആന്റ് വെൽനസ്സ് സെന്റർ | 0 | 63974 | 277000 | 441000 |

ഗ്രാമ പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗ വിവരം പ്രതിഫലിക്കുന്നുണ്ട്.

**ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് വിഭാവനം ചെയത പദ്ധതികളിൽ പൂർത്തിയായവ**

<u>സ്കീം-1 കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കാൻ സഹായം-നടപ്പായ പദ്ധതികൾ</u>

ഇല്ല

<u>സ്കീം-3 ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ - നടപ്പായ പദ്ധതികൾ</u>

| വർഷം | പദ്ധതി | അടങ്കൽ തുക ₹ | ചെലവ് തുക ₹ |
|---|---|---|---|
| 2022-23 | 174/23 രോഗനിർണയ കേന്ദ്രം സജ്ജീകരിക്കൽ | 200808 | 200808 |
| 2023-24 | 212/24 രോഗനിർണയ കേന്ദ്രം ലാബ് റീ ഏജന്റ് ഉപകരണങ്ങൾ വാങ്ങൽ സജ്ജീകരണം | 617000 | 148456 |
| 2024-25 | 252/25 രോഗനിർണയ കേന്ദ്രം ലാബ് റീ ഏജന്റ് ഉപകരണങ്ങൾ | 468544 | 270977 |

| | | | |
|---|---|---|---|
| | വാങ്ങൽ സജ്ജീകരണം | | |

സ്കീം-4 ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് അൻഡ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ - നടപ്പായ പദ്ധതികൾ

| വർഷം | പദ്ധതി | അടങ്കൽ തുക ₹ | ചെലവ് തുക ₹ |
|---|---|---|---|
| 2022-23 | 175/23 ഉപകേന്ദ്രങ്ങൾ ഹെൽത്ത് ആൻഡ് വെൽനസ് സെന്ററർ ആക്കൽ | 63981 | 63981 |
| 2024-25 | 251/25 ഉപകേന്ദ്രങ്ങൾ ഹെൽത്ത് ആൻഡ് വെൽനസ് സെന്ററർ ആക്കി മാറ്റൽ | 277000 | 260518 |

**ഫണ്ട് വിനിയോഗം**

തീക്കോയി ഗ്രാമപഞ്ചായത്തിൽ 2021-22 മുതൽ 2024-25 വരെ വിവിധ സ്കീമുകളിൽ ലഭ്യമായ ഹെൽത്ത് ഗ്രാന്റുകളുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു .

| ക്രമ നം | ഇനം | ലഭിച്ച ഹെൽത്ത് ഗ്രാന്റ് | | | | ആകെ | ചെലവഴിച്ച തുക | | | | ആകെ | ബാലൻസ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | 2021/22 | 2022-23 | 2023-24 | 2024-25 | | 2021/22 | 2022-23 | 2023-24 | 2024-25 | | |
| 1 | Support For Diagnostic Intrastructure | Nil | 200808 | 617000 | 258000 | **1075808** | 0 | 200808 | 148456 | 270977 | **620241** | **455567** |
| 2 | Grant For Rural Health & Wellness Centres | Nil | 63974 | 277000 | 441000 | **781974** | 0 | 63981 | 0 | 260518 | **324499** | **457475** |
| **Total** | | | | | | **1857782/-** | | | | | **944740/-** | ***913042/-** |

*ഗ്രാമപഞ്ചായത്തിന് ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നാളിതുവരെ ലഭിച്ച തുകയിൽ ബാങ്ക് അക്കൗണ്ടിൽ ലഭ്യമായ പലിശ (34240/-) ഉൾപ്പടെ **947282/-** രൂപ 31.03.25 വരെ ചെലവഴിക്കാതെ അവശേഷിക്കുന്നു.

ഗ്രാന്റ് തുകയുടെ വിനിയോഗത്തിനായി എസ് ബി ഐ, തീക്കോയി ശാഖയിൽ താഴെപ്പറയും പ്രകാരം മൂന്ന്

അക്കൗണ്ടുകൾ ആരംഭിച്ചിട്ടുണ്ട്.

| ഇനം | അക്കൗണ്ട് നം |
|---|---|
| സ്കീം 1 - കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം | 40879383201 |
| സ്കീം 3 - ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 0879383507 |
| സ്കീം 4 – ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | 0879381769 |

അതാത് സ്കീമുകളുടെ പ്രവർത്തനങ്ങൾക്കായി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരമുള്ള നിർവ്വഹണ ഉദ്യോഗസ്ഥരാണ് ഗ്രാന്റ് തുകയുടെ വിനിയോഗം നിർവ്വഹിക്കുന്നത്. കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ അസിസ്റ്റന്റ് എഞ്ചിനീയറും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ എന്നിവ മെഡിക്കൽ ഓഫീസറുമാണ് നിർവ്വഹിക്കുന്നത്. 2022-23, 2023-24, 2024-25 വർഷങ്ങളിലായി ആകെ 9 പ്രോജക്ടുകൾ വിഭാവനം ചെയ്തിരുന്നെങ്കിലും 5 പ്രോജക്ടുകൾ മാത്രമാണ് നടപ്പാക്കുവാനായത് . സ്കീം 1 വിഭാഗത്തിലുള്ള പ്രോജക്ടുകൾ നടപ്പിലാക്കുവാനായി പഞ്ചായത്തിന് സാധിച്ചിട്ടില്ല. തീക്കോയി കുടുംബാരോഗ്യകേന്ദ്രത്തിന് നിലവിൽ 2 ഉപകേന്ദ്രങ്ങളാണുള്ളത്. ഒറ്റയീട്ടി സബ് സെന്ററിന് സ്വന്തമായി കെട്ടിടം ഇല്ല. കെട്ടിട നിർമ്മാണത്തിന് അനുയോജ്യമായ സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിക്കേണ്ടതാണ് . കല്ലം സബ്സെന്റർ കെട്ടിടം ശോചനീയാവസ്ഥയിലാണുള്ളത് .പഴയ കെട്ടിടം പൊളിച്ചു നീക്കി പുതിയ കെട്ടിടം നിർമ്മിക്കേണ്ടതുണ്ട്. ആയതിനാൽ സ്കീം 1 വിഭാഗത്തിൽ ഗ്രാന്റ് ലഭ്യമാക്കുവാൻ ഭരണസമിതി തലത്തിൽ വേണ്ട ഇടപെടലുകൾ നടത്തേണ്ടതാണ്. ആർദ്രം മിഷൻ ഫണ്ടുപയോഗിച്ച് കുടുംബാരോഗ്യ കേന്ദ്രത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ആരോഗ്യസ്ഥാപനങ്ങളിലെ ജീവനക്കാർ, ആരോഗ്യപ്രവർത്തകർ, ആശമാർ എന്നിവർക്ക് സ്കീം 3 പ്രകാരം പരിശീലനം പ്രസ്തുത ഗ്രാന്റ് വിനിയോഗിച്ച് നൽകിയിട്ടില്ല. സ്കീം 4 നിർദ്ദേശിക്കും പ്രകാരം ആരോഗ്യസ്ഥാപനങ്ങളിൽ നിന്നും നൽകുവാൻ ഉദ്ദേശിച്ചിട്ടുള്ള സേവനങ്ങളുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കിടയിൽ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല. സ്കീം-4

പ്രകാരം ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് അൻഡ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ പദ്ധതി കാര്യക്ഷമമായി നടപ്പാക്കിയിട്ടുണ്ട്. പ്രസ്തുത ഗ്രാന്റ് ഉപയോഗിച്ച് നടപ്പാക്കേണ്ട ആരോഗ്യ വർദ്ധക സേവനങ്ങൾ, ആരോഗ്യകരമായ ഭക്ഷണശീലം, വ്യായാമം, ശുചിത്വം മുതലായ പ്രോത്സാഹിപ്പിക്കൽ പരിപാടികൾ നടത്തുന്നുണ്ട്. ദീർഘകാല രോഗികളുടെ പരിചരണത്തിനായി എല്ലാ മാസവും ഭവന സന്ദർശനവും പരിശോധനയും പാലിയേറ്റീവ് പരിചരണവും നടക്കുന്നുണ്ട്. തീക്കോയി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ലാബ് പ്രവർത്തനം നടത്തുന്നുണ്ട്. ഹെൽത്ത് ഗ്രാന്റ് മാർഗ്ഗരേഖ പ്രകാരമുള്ള എല്ലാ ടെസ്റ്റുകളും നടത്തുന്നതിന് പി എച്ച് സി യിലും മറ്റ് ഉപകേന്ദ്രങ്ങളിലും സംവിധാനമില്ല. ഹെൽത്ത് ഗ്രാന്റ് വിനിയോഗ മാർഗ്ഗരേഖ പ്രകാരമുള്ള 64 ടെസ്റ്റുകളിൽ, മുപ്പതോളം ടെസ്റ്റുകൾ മാത്രമാണ് നിലവിൽ തീക്കോയി പി എച് സി യിൽ ചെയ്തുവരുന്നത്. പി എച്ച് സി യെ കുടുംബാരോഗ്യ കേന്ദ്രമായി അപ്ഗ്രേഡ് ചെയ്തിട്ടില്ല. പ്രതിദിനം നൂറോളം രോഗികളെത്തുന്ന ആശുപത്രിയിൽ ആരോഗ്യ- ചികിത്സാ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഒരു സിവിൽ സർജൻ മാത്രമാണുള്ളത്.

ഹെൽത്ത് ഗ്രാന്റുപയോഗിച്ച് (SCHEME-3) ചില സ്ഥാപനങ്ങൾക്കെങ്കിലും ലാബിൽ നിർമ്മാണപ്രവർത്തികൾ നടത്തേണ്ടി വരും. PHC/CHC കളിൽ ലാബ് അടിസ്ഥാന സൗകാര്യ വിപുലീകരണതിനുള്ള മാനദണ്ഡങ്ങൾ കൂടി പുതിയതായി ഉൾപ്പെടുത്തണം. SCHEME-3,4 ഇവയിലെല്ലാം ഓരോ സ്ഥാപനങ്ങളുടെയും സാഹചര്യമനുസരിച്ചുള്ള പൊതുജനാരോഗ്യ രംഗത്തെ നവീന പദ്ധതികൾ തുടങ്ങാനുള്ള നിർദേശം ഗൈഡ് ലൈനിൽ ഉൾപ്പെടുത്തുന്നത് ഉചിതമായിരിക്കും. ഓരോ സാമ്പത്തിക വർഷവും അവസാനത്തെ ആഴ്ചകളിലാണ് തൻവർഷത്തെ ഗ്രാന്റുകൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമാകുന്നത്. ആയതിനാൽ പദ്ധതികൾ സ്പിൽ ഓവറായി അടുത്ത വർഷങ്ങളിലേക്ക് നീണ്ടുപോകുന്നു. യഥാസമയം ഗ്രാന്റ് ലഭ്യമാകുന്ന സാഹചര്യമുണ്ടായാൽ പദ്ധതികൾ യഥാവിധി നടപ്പിലാക്കുവാൻ സാധിക്കുന്നതാണ് .

അടുത്ത സാമ്പത്തിക വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിലെ തുക കാര്യക്ഷമമായി പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.പഞ്ചായത്തിന് കീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യം, രോഗനിർണ്ണയ സൗകര്യം എന്നിവ മെച്ചപ്പെടുത്തുന്നതിന് ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പും ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റിയും ആരോഗ്യ സ്ഥാപനങ്ങൾ സന്ദർശിച്ച് സൗകര്യങ്ങൾ വിലയിരുത്തി നിർദ്ദേശങ്ങൾ ഭരണസമിതിയെ അറിയിക്കേണ്ടതാണ്. പ്രോജക്ടുകൾക്ക് അന്തിമ രൂപം നൽകുന്നതിൽ ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പ്, ആരോഗ്യത്തിന്റെ ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി എന്നീ തലങ്ങളിൽ ക്രിയാത്മകമായ ഇടപെടലുകൾ ഉണ്ടാവേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 അസംബ്ലി കെട്ടിടത്തിലെ അനധികൃത നിർമ്മാണം - ക്രമവൽക്കരിച്ച് വസ്തുനികുതി ഈടാക്കേണ്ടതാണ്

തീക്കോയി വില്ലേജിൽ സർവേ നമ്പർ 326,2299/4,2309/3 ലുള്ള 11 ഹെക്ടർ 39 ആർ പുരയിടത്തിൽ 1690.82 ച.മീ. വിസ്തീർണ്ണമുള്ള രണ്ട് നില 'സ്പെഷ്യൽ റെസിഡൻഷ്യൽ' ആവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥലം ഉടമയായ ബിഷപ്, പാലാ എന്നവർക്ക് 21.02.2022 തീയതിയിൽ A2-BA(65365)/2022 നമ്പറായി കെട്ടിട നിർമ്മാണ അനുമതി (Revised Permit) നൽകിയിരുന്നു. മേൽ കെട്ടിടത്തിന് 'അസംബ്ലി കെട്ടിടം' എന്ന ഉപയോഗ ഗണത്തിൽ ഉൾപ്പെടുത്തി ഒക്ക്യൂപ്പൻസി അനുവദിച്ച് 7/179 A എന്ന നമ്പർ നൽകുകയും ചെയ്തിട്ടുണ്ട്. കെട്ടിടത്തിന് പുതുക്കിയ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത് 05.02.2025 ലാണ് . പെർമിറ്റ്, സഞ്ചയ ഫോം 6, കംപ്ലീഷൻ പ്ലാൻ എന്നിവ പരിശോധിച്ചതിന്റെയും സൈറ്റിൽ ഭൗതിക പരിശോധന നടത്തിയതിന്റെയും അടിസ്ഥാനത്തിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു .

1. ധ്യാനകേന്ദ്രമായി പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ പ്രധാന ഭാഗം അസംബ്ലി ഹാൾ ആണ്. എന്നാൽ പെർമിറ്റ് അനുവദിച്ചിരിക്കുന്നത് സ്പെഷ്യൽ റെസിഡൻഷ്യൽ കെട്ടിടം നിർമ്മിക്കുന്നതിനായാണ്. പ്രധാന കെട്ടിടത്തിന്റെ ഉപയോഗ ഗണം കണക്കിലെടുത്ത് ആ ഗണത്തിൽ ഉൾപ്പെടുത്തിയോ അല്ലെങ്കിൽ വ്യത്യസ്ത ഉപയോഗക്രമങ്ങളിലുള്ള കെട്ടിട ഭാഗങ്ങളുടെ വിസ്തീർണ്ണം പ്രത്യേകമായി രേഖപ്പെടുത്തിയോ പെർമിറ്റ് അനുവദിക്കേണ്ടതായിരുന്നു.

2. സെക്കൻഡ് ഫ്ലോറിൽ നിർമാണാനുമതി ഇല്ലാതെ അധിക റൂഫിങ് - പെർമിറ്റ് ഫീ, വസ്തുനികുതി ഈടാക്കിയില്ല

അപേക്ഷകൻ നമ്പറിങ്ങിനായി സമർപ്പിച്ച കംപ്ലീഷൻ പ്ലാനിൽ മുകൾ നിലയിൽ സ്റ്റെയർ റൂം (വിസ്തീർണ്ണം - 48.64 ച.മീ.) മാത്രമാണ് ഉണ്ടായിരുന്നത് . കെട്ടിടത്തിൽ ഭൗതിക പരിശോധന നടത്തിയപ്പോൾ കെട്ടിട നമ്പർ അനുവദിച്ച ശേഷം കെട്ടിടത്തിൽ പഞ്ചായത്തിൽ നിന്നുള്ള അനുമതി കൂടാതെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതായി കാണുന്നു. കെട്ടിടത്തിന്റെ റൂഫ് ഏകദേശം 3 മീറ്ററിലധികം ഉയരത്തിൽ ട്രസ്സ് വർക്ക് ചെയ്യുകയും വശങ്ങൾ അലുമിനിയം ട്രാഫോഡ് ഷീറ്റ് സ്ഥാപിച്ച് അടയ്ക്കുകയും ചെയ്തിട്ടുണ്ട്. ആയത് ടെറസ് ഭാഗം മുഴുവനായി കവർ ചെയ്തിട്ടുള്ളതിനാൽ ഏകദേശം ഫസ്റ്റ് ഫ്ലോറിന്റെ അത്രയും വിസ്തീർണ്ണം (821.09 M2) ഉള്ളതായി കാണുന്നു. ഇത് പെർമിറ്റില്ലാതെയുള്ള അനധികൃത നിർമ്മിതിയാണ്. കേരള പഞ്ചായത്ത് രാജ് (കെട്ടിട നിർമ്മാണ ചട്ടങ്ങൾ) 2019, ചട്ടം 74(6) പ്രകാരം മൂന്നു നിലകൾ വരെയുള്ളതും 10 മീറ്ററിൽ കൂടുതൽ ഉയരമില്ലാത്തതുമായ ഏക കുടുംബ വാസഗൃഹങ്ങൾ ഒഴികെയുള്ള മറ്റെല്ലാ ഒക്യുപ്പൻസിയ്ക്ക് കീഴിലുള്ള കെട്ടിടങ്ങളുടെ ടെറസ്സിലുള്ള അധിക ഷീറ്റ്/ഓട് മേൽക്കൂര നിർമ്മാണം മറ്റൊരു നിലയായി പരിഗണിക്കേണ്ടതും ഈ ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ നിർബന്ധിത ആവശ്യകതകളും കണക്കാക്കുന്നതിനായി ഉൾപ്പെടുത്തേണ്ടതുമാണ്. ടി കെട്ടിട ഭാഗം ക്രമവൽക്കരിച്ച് വസ്തുനികുതി ഈടാക്കിയിട്ടില്ല. മൂന്നാം നിലയുടെ ക്രമവൽക്കരണ ഫീസിനത്തിൽ മാത്രം പഞ്ചായത്തിന് ഏകദേശം 1.39 ലക്ഷം രൂപയുടെ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട് . വിശദാംശം ചുവടെ.

സെക്കൻഡ് ഫ്ലോറിന്റെ ആകെ നിർമ്മിത വിസ്തൃതി = 821.09 M2

സെക്കൻഡ് ഫ്ലോറിൽ ക്രമവൽക്കരിക്കേണ്ട ബിൽറ്റപ്പ് ഏരിയ = 821.09 - 48.64 (സ്റ്റെയർ റൂം)

= 772.45 M2

കെട്ടിടത്തിന്റെ തരം = 'മറ്റുള്ളവ'

ഈടാക്കേണ്ട ക്രമവൽക്കരണ ഫീസ് = 772.45 X 90 X 2

= 1,39,041/-





3. <u>തറ നിരപ്പ് നിലയിൽ അധിക നിർമ്മാണം</u>

അപേക്ഷകൻ നമ്പറിങ്ങിനായി സമർപ്പിച്ച പാർഷ്യൽ കംപ്ലീഷൻ പ്ലാനിൽ രണ്ട് നിലകളും സ്റ്റെയർ റൂമും ആണ് ഉണ്ടായിരുന്നത് . കെട്ടിട നമ്പർ അനുവദിച്ച ശേഷം താഴത്തെ നിലയിലുള്ള അസംബ്ലി ഹാളിനോട് ചേർന്ന് കെട്ടിടത്തിന്റെ ലെഫ്റ്റ് റിയർ യാർഡിൽ മറ്റൊരു ഹാൾ കൂടി നിർമ്മിച്ചിട്ടുണ്ട്. ഇത് പെർമിറ്റിലധികരിച്ചുള്ള അനധികൃത നിർമ്മാണമാണ്. ആയത് ക്രമവൽക്കരിച്ച് വസ്തുനികുതി ഈടാക്കിയിട്ടില്ല.

4. <u>തുറസ്സായ സ്ഥലങ്ങളിൽ  അനുമതിയില്ലാതെ ഷെഡുകൾ നിർമ്മിച്ചു</u>

കെട്ടിടത്തിന്റെ ഫ്രണ്ട് യാർഡിൽ കാർ പാർക്കിങ്ങിനായി പാർക്കിങ് ഷെഡ് നിർമ്മിച്ചിട്ടുണ്ട്. കൂടാതെ കെട്ടിടത്തിന്റെ റൈറ്റ് റിയർ യാർഡിൽ മറ്റൊരു ഷെഡ് കൂടി നിർമ്മിച്ചിട്ടുണ്ട്. പ്രൊപോസ്ഡ് ബിൽഡിങ് പ്ലാനിലും കംപ്ലീഷൻ പ്ലാനിലും ഷെഡുകളുടെ നിർമ്മാണം ഉൾപ്പെട്ടിരുന്നില്ല. ലഭ്യമായ രേഖകൾ പ്രകാരം മേൽ നിർമ്മാണങ്ങൾക്ക് പഞ്ചായത്തിൽ നിന്നും പെർമിറ്റ് നേടിയിട്ടില്ല എന്ന് കാണുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിയിലുള്ള സ്ഥലങ്ങളിൽ നിർമ്മിക്കുന്ന വാണിജ്യമോ വാസഗൃഹമോ എപ്രകാരമുള്ള കെട്ടിടങ്ങളുടേതായാലും അവയ്ക്ക് കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായി ഒഴിച്ചിടേണ്ട തുറസ്സായ സ്ഥലം മുൻകൂർ  അനുമതിയില്ലാതെ അനധികൃതമായി കെട്ടിയടച്ച്

ഷെഡോ, മറ്റ് നിർമ്മാണങ്ങളോ നടത്തുന്നത് തദ്ദേശസ്ഥാപന സെക്രട്ടറിമാർ കർശനമായി വീക്ഷിക്കേണ്ടതാണെന്നും അത്തരം നിർമ്മാണങ്ങൾ തടയുന്നതിന് നടപടി സ്വീകരിക്കേണ്ടതാണെന്നും 20.06.2022-ലെ ആർ.ബി.3/178/2020-തസ്വഭവ നമ്പർ സർക്കുലറിലൂടെ സർക്കാർ നിഷ്ക്കർച്ചിട്ടുള്ളതാണ്.

മേൽ കെട്ടിടത്തിൽ കംപ്ലീഷൻ പ്ലാനിൽ നിന്നും വ്യതിചലിച്ച് നടത്തിയിട്ടുള്ള നിർമ്മാണങ്ങൾക്ക് പഞ്ചായത്തിൽ നിന്നും അനുമതി ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റുകൾ നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 23/31.08.2025) മറുപടി ലഭ്യമായില്ല. സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ കെട്ടിടത്തിൽ ഭൗതിക പരിശോധന നടത്തി തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്. ക്രമവത്ക്കരണ ഫീസിനത്തിലുള്ള 1,39,041/- രൂപ കെട്ടിട ഉടമയിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നഷ്ടോത്തരവാദിയായ സെക്രട്ടറിയുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് പ്രീമിയം - ഒടുക്ക്

2024-25 വർഷം ജീവനക്കാരുടെ മെഡിസെപ് പ്രീമിയം ഒടുക്കലുമായി ബന്ധപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

മെഡിസെപ് പ്രീമിയം - ഒടുക്ക് (റെഗുലർ ജീവനക്കാർ 2024-25)

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം | | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയതുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| മാസം | എണ്ണം | | | | |
| ഏപ്രിൽ 2024 | 10 | 5000 | 5000 | 0 | |
| മെയ്2024 | 10 | 5000 | 5000 | 0 | |
| ജൂൺ2024 | 10 | 5000 | 5000 | 0 | |

| | | | | | |
|---|---|---|---|---|---|
| ജൂലൈ2024 | 10 | 5000 | 5000 | 0 | |
| ആഗസ്റ്റ്2024 | 10 | 5000 | 5000 | 0 | |
| സെപ്റ്റംബർ2024 | 11 | 9x500=4500 ( 2 പേർ സ്ഥലംമാറ്റം ലഭിച്ചതനുസരിച്ച് ജോയിൻ ചെയ്തു) | 4500 | 0 | ഹെഡ് ക്ലാർക്ക് പദ്മകുമാർ 31/08/2024-ന് റിലീവ് ചെയ്തു.സുരേഷ് സാമുവൽ സെക്രട്ടറിയുമായി 18/09/2024 -ന് റിലീവ് ചെയ്തു.ടി ഒഴിവുകളിലേയ്ക്ക് സജേഷ്.എസ്, സെക്രട്ടറി 18/09/2024-ലും ജ്യോതി മോൾ കെ.ആർ അക്കൗണ്ടന്റ് 09/09/2024-ലും ജോയിൻ ചെയ്തു. |
| ഒക്ടോബർ2024 | 10 | 5000 | 5000 | 0 | |
| നവംബർ2024 | 11 | 10x500=5000 (ഒരാൾ സ്ഥലംമാറ്റം ലഭിച്ചതനുസരിച്ച് ജോയിൻ ചെയ്തു) | 5000 | 0 | അമല മഡോണ തോമസ് ക്ലാർക്ക് 20.11.2024-ന് റിലീവ് ചെയ്തു. അർജ്ജുൻ.ആർ.സജീവ് ക്ലാർക്ക് ചങ്ങനാശ്ശേരി മുൻസിപ്പാലിറ്റിയിൽ നിന്ന് ട്രാൻസ്ഫറായി 21.11.2024-ന് ജോയിൻ ചെയ്തു. |

| | | | | | |
|---|---|---|---|---|---|
| ഡിസംബർ2024 | 10 | 9x500=4500 (ഒരാൾ സ്ഥലംമാറ്റം ലഭിച്ചതനുസരിച്ച് ജോയിൻ ചെയ്തു) | 4500 | 0 | |
| ജനുവരി2025 | 10 | 5000 | 5000 | 0 | |
| ഫെബ്രുവരി2025 | 10 | 5000 | 5000 | 0 | |
| മാർച്ച് 2025 | 10 | 5000 | 5000 | 0 | |
| **ആകെ** | | 59000/- | 59000/- | | |

മെഡിസെപ് പ്രീമിയം ഒടുക്ക് (01.04.2024 മുതൽ 30.06.2024 നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റെഗുലർ ജീവനക്കാർ) -ഇല്ല

| ജീവനക്കാരുടെ എണ്ണം | സർവീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലങ്കിൽ 07/2023 മുതലുള്ള കുടിശിക ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയതുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| ബാധകമല്ല | | | | | |

മെഡിസെപ് പ്രീമിയം ഒടുക്ക് 01.07.2024 ൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ-ഇല്ല

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ | ഒടുക്കാൻ ബാക്കി നിൽക്കുന്ന | റിമാർക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | (07/2022 മുതലുള്ള കുടിശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതുൾപ്പെടെ | ഒടുക്കിയ തുക | തുക | |
| ബാധകമല്ല | | | | |

മെഡിസെപ് പ്രീമിയം ഒടുക്ക്(01.08.2024 മുതൽ 31.03.2025 നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റെഗുലർ ജീവനക്കാർ) -ഇല്ല

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതുൾപ്പെടെ | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| ബാധകമല്ല | | | | | |

## 4-2 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ ലഭിച്ച തീയതി | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|---|
| 2024-25 | 24.06.2025 | 28.07.2025 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 4-3 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് (നം.) | ചെലവ് | ബാക്കി |
|---|---|---|---|---|
| കോട്ടയം | 40000 | ലൈഫ് ഭവന പദ്ധതി | 40000 | 0 |

| | | | | |
|---|---|---|---|---|
| | | എസ് സി (37/25) | | |
| ജില്ലാ പഞ്ചായത്ത് | 40000 | ലൈഫ് ഭവന പദ്ധതി ജനറൽ(42/25) | 40000 | 0 |
| | 135000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് (64/25) | 135000 | 0 |
| **ആകെ** | **215000** | ജില്ലാ പഞ്ചായത്ത് വിഹിതം | **215000** | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 70000 | സ്ഥിരം കൃഷിക്ക് കൂലി ചെലവ് സബ്സിഡി (136/25) | 70000 | 0 |
| | 82662 | ക്ഷീര കർഷകർക്ക് പാൽ സബ്സിഡി (123/25) | 82662 | 0 |
| | 150000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് (64/25) | 150000 | 0 |
| | 100000 | പാലിയേറ്റീവ് കെയർ(58/25) | 100000 | 0 |
| **ആകെ** | **402662** | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | **402662** | 0 |

## 4-4 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തികൾക്കായി, മുൻകൂർ നൽകിയിട്ടുള്ള തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് തീക്കോയി സെക്ഷൻ | S0260/25,മാർമല വിനോദസഞ്ചാര കേന്ദ്രം വൈദ്യുതികരണം ലൈൻ വലിക്കൽ | 44317 | 0 | 44317 |
| 2 | ഭൂജലവകുപ്പ് | S0134/25,ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ കുടിവെള്ള സൗകര്യം ഏർപ്പെടുത്തൽ | 460,000 | 0 | 460,000 |
| 3 | ജില്ലാ ആരോഗ്യ കേരളാ വെൽഫെയർ സൊസൈറ്റി | S0164/24-25, ആർദ്രം പ്രാഥമികാരോഗ്യ കേന്ദ്രം കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തൽ | 110000 | 0 | 110000 |
| 4 | ജില്ലാ ആരോഗ്യ കേരളാ വെൽഫെയർ സൊസൈറ്റി | 268/24-25 ആർദ്രം പ്രാഥമികാരോഗ്യ കേന്ദ്രം കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തൽ | 423686 | 0 | 423686 |
| 5 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് തീക്കോയി | 8-ാം വാർഡിൽ സ്ട്രീറ്റ് ലൈറ്റുകളുടെ മീറ്റർ മാറ്റുന്നതിന് | 4288 | 0 | 4288 |

| | | | | | |
|---|---|---|---|---|---|
| | സെക്ഷൻ | | | | |

**4-5 മൊബിലൈസേഷൻ അഡ്വാൻസ്**

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകകൾ ഒന്നും നൽകിയിട്ടില്ല.

**4-6 വായ്പ/വായ്പ തിരിച്ചടവ്**

ഓഡിറ്റ് വർഷം പഞ്ചായത്തിന് ലഭിച്ച വായ്പ തുകയുടെയും, തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി ഹഡ്കോ വായ്പ (KURDFC) | ജിഒ (എം.എസ്) 68/2018/ തസ്വഭവ/18.5.2018 | 10441035 | 2,069,246 | 1,992,084 | - | 10518197 |

**4-7 സ്ഥിരനിക്ഷേപങ്ങൾ**

31.03.2025 -ലെ ബാലൻസ് ഷീറ്റ് പ്രകാരം സ്ഥാപനത്തിന് സ്ഥിരനിക്ഷേപം ഇല്ല.

**4-8 ഓഡിറ്റ് റിക്കവറി**

ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല.

**4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ**

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമം – വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | വർഷം | | | |
| 1997-98 | 33 | 2000-01 | 4-31 | ഉപയോഗിക്കാത്ത മണ്ണിന് വില നൽകിയത് സംബന്ധിച്ച് | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റി വിഷയം പരിഗണിച്ച് വരുന്നു. |
| 2014-15 | 2-3 | 2016-17 | അനുബന്ധം-3 | വസ്തു നികുതി പരിഷ്കരണ നടപടികൾക്ക് ആധികാരിക സ്ഥിരീകരണമില്ല. | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റി വിഷയം പരിഗണിച്ച് വരുന്നു. |
| 2014-15 | 2-4 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റി വിഷയം പരിഗണിച്ച് വരുന്നു. |
| 2015-16 | 2-4 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റി വിഷയം പരിഗണിച്ച് വരുന്നു. |

**4-10 ചാർജ് /സർചാർജ് നടപടികളുടെ വിവരം**

ഇല്ല

**4-11 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്-മുന്നിരിപ്പ് ഉൾപ്പടെ<br>(റിസീറ്റ് & പേമെന്റ് പത്രിക പ്രകാരം) | : | 38,038,291.00/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്<br>(റിസീറ്റ് & പേമെന്റ് പത്രിക പ്രകാരം) | : | 24020788/- |
| ഓഡിറ്റ് വർഷത്തെ ആകെ വരുമാനം<br>(ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | | 80,401,560.00/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്<br>(ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | | 78,312,542.00/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | 139041/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1097160 /- |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നം. | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2-1 (1-22) | 139041/- | | ശ്രീ സജീഷ് എസ്, സെക്രട്ടറി § |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക-നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 4288 | സുരേഷ് സാമുവേൽ, സെക്രട്ടറി |
| 1-29 | 54869 | ഡോ.സജിന.കെ.എ), മെഡിക്കൽ ഓഫീസർ ഹോമിയോ |
| 1-31(1) | 504317 | സജീഷ് എസ് ,സെക്രട്ടറി |
| 1-31(2) | 533686 | ഡോ.ലിറ്റി തോമസ്, മെഡിക്കൽ ഓഫീസർ , പി.എച്ച്.സി |
| ആകെ | 1097160 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ സജീഷ് എസ്, സെക്രട്ടറി | സെക്രട്ടറി, തീക്കോയി ഗ്രാമ പഞ്ചായത്ത് | വട്ടമല, കൊടുങ്ങൂർ വാഴൂർ പി.ഒ കോട്ടയം |

**<u>4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ

വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1993- 94 | എൽ.എഫ്.കെ.പി2/985 /96/4.01.97/ 16.4.97 | -- |
| 1997-98 | കെ.എസ്.എ- കെ.ടി.എം.പി.14/ (അദാ.2018)218(1)/3.12.18 | 1 |
| 2006-07 | കെ.എസ്.എ- കെ.ടി.എം.പി.14/ (അദാ.2022)887(1)/2022 /03.08.22 | 3 |
| 2007-08 | എൽ.എഫ്.കെ.പി3/232 /10/11.06.13 | 5 |
| 2008-09 | കെ.എസ്.എ- കെ.ടി.എം.പി.14/ 2057/(2)/02.05.23 | 1 |
| 2011-12,2012-13 | കെ.എസ്.എ- കെ.ടി.എം.പി.14/ 2057(5)/2022/24.04.23 | 2 |
| 2013-14,2014-15 | കെ.എസ്.എ- കെ.ടി.എം.പി.14/ 2057(6)/2022/24.04.23 | 8 |
| 2015-16 | കെ.എസ്.എ- കെ.ടി.എം.പി.14/1456(1) /22/06.03.23 | 2 |
| 2016-17 | കെ.എസ്.എ- | 7 |

| | | |
|---|---|---|
| | കെ.ടി.എം.പി.14 /1456(2)/2022/3.1.23 | |
| 2017-18 | കെ.എസ്.എ- കെ.ടി.എം.പി.14 /127/2023/03.06.2023 | 17 |
| 2018-19 | കെ.എസ്.എ- കെ.ടി.എം.പി.14/172/ 2021/28.01.21 | 12 |
| 2019-20 | കെ.എസ്.എ- കെ.ടി.എം.പി.14/951/ 2021/16.05.2022 | 7 |
| 2020-21 | കെ.എസ്.എ- കെ.ടി.എം.പി.14/952/ 2021/09.06.2022 | 14 |
| 2021-22 | കെ.എസ്.എ- കെ.ടി.എം.പി.14/159/ 2023/30.06.2023 | 16 |
| 2022-23 | കെ.എസ്.എ- കെ.ടി.എം.പി.14/1948/ 2023/11.03.2024 | 23 |
| 2023-24 | കെ.എസ്.എ- കെ.ടി.എം.പി.14/1099 /2024/09.09.2024 | 24 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**Annexure-1**
**Audit Certificate**

i. I have audited the attached Financial statements approved vide resolution number 2 dated 2 dated 13-06-2025 and submitted on 24-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Teekoy Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Teekoy Grama Panchayat as on 31-03-2025

**Date: 10/10/2025** **Deputy Director**

**Kerala State Audit Department**

**Audit Report appended to the Audit Certificate of Teekoy Grama Panchayat for the Year 2024-2025.**

**1.Major Observations**

1. Documents for verification of Panchayath general fund not provided. Source Data not available for the value of total general fund as on 31/03/2025
2. Non Disclosure of Assets. Assets not classified, valuated and accounted-Asset Register has not updated.
3. Adequate data and calculation sheets not maintained for depreciation calculations.

## 2.Other Observations

1. Dues to govt. like VAT and Flood Cess are not remitted to concerned government Heads of Accounts.
2. Mismatch in the balance amount recorded in B5 schedule and B 16 schedule.
3. Stock in hand (inventories) has not been included in the Balance Sheet B-14 Schedule of the annual financial statement. As per the balance sheet, the stock value is 0.
4. Provision is not recorded in the Balance Sheet B-9 schedule for various expenses such as honorarium of elected representatives, fuel expenses which are not met within the financial year 2024-25.
5. Mismatch in the balance of CFC grant recorded in B4 schedule and B 17 schedule.
6. Notes on account not prepared for Prior period income and expenses.
7. Advance to District Arogya Keralam District Welfare Society not accounted in concerned account head.
8. Permit register is not maintained properly so that the accuracy of the amount of Permit fees received during the financial year cannot be determined.
9. One of the three bank accounts for Health Grant is not included in Financial statement.
10.Deposit and Advance registers are not maintained properly.

Deputy Director
District Office Kottayam
Kerala State Audit Department

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ തീക്കോയി ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്